# ലോഗോസ് പഠനസഹായി 2018
# നിയമാവർത്തനം (1–11)

## ആമുഖം

പുതിയ നിയമത്തിൽ ഏറ്റവുമധികം പഴയനിയമ ഉദ്ധരണികളുള്ളത് നിയമാവർത്തന ഗ്രന്ഥത്തിൽ നിന്നാണ്. അതുപോലെ തന്നെ യേശു ഏറ്റമധികം ഉദ്ധരിച്ചിട്ടുള്ളതും ഈ പുസ്തകത്തിൽ നിന്നു തന്നെയാണ്. യോഹന്നാന്റെ സുവിശേഷം സമവീക്ഷണ സുവിശേഷങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവോ, അതുപോലെയാണ് നിയമാവർത്തനം പഞ്ചഗ്രന്ഥിയിലെ ഇതര പുസ്തകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രബോധാത്മകതയാണല്ലോ സമവീക്ഷണ സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിനു കാണുന്ന പ്രധാനപ്പെട്ട സവിശേഷത. നിയമാവർത്തനത്തിലും പ്രബോധനതലത്തിനാണ് കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നത്.

മലയാളത്തിൽ നിയമാവർത്തനം എന്നാണ് ഈ പുസ്തകം അറിയപ്പെടുന്നത്. എന്നാൽ ഇംഗ്ലീഷിൽ ഇതറിയപ്പെടുന്നത് ഡ്യൂട്രോണമി (Deuteronomy) എന്ന പേരിലാണ്. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയായ സപ്തതിയിൽ സംഭവിച്ച ഒരു തെറ്റിദ്ധാരണയാണ് ഇംഗ്ലീഷിലെയും മറ്റു പാശ്ചാത്യഭാഷകളിലെയും ഈ പേരിന് കാരണം. ഹീബ്രു ബൈബിളനുസരിച്ച് (കാനൻ) പുസ്തകം അറിയപ്പെടുന്നത് മറ്റു ഗ്രന്ഥങ്ങളുടെ കാര്യത്തിൽ എന്നതുപോലെ ഈ ഗ്രന്ഥം ആരംഭിക്കുന്ന പദങ്ങൾകൊണ്ടാണ് - അതായത് ''എല്ലേഹ് ഹദ്ബറീം'' - (ഇവയാണ് ആ വാക്കുകൾ) ചിലപ്പോൾ 'ദ്ബറീം' (വാക്കുകൾ) എന്നു മാത്രവും ഈ പുസ്തകത്തെ വിളിക്കാറുണ്ട്. നിയ. 17,18 ലെ 'മിഷ്നേഹ് ഹത്തോറാഹ് ഹഡോത്' (നിയമത്തിന്റെ ഒരു കോപ്പി) ഗ്രീക്കിൽ ''രണ്ടാം നിയമം'' എന്ന് അർത്ഥം മനസ്സിലാക്കി 'തോദെവുത്തെറോണോമിയോൻ' എന്നു പരിഭാഷപ്പെടുത്തി. എന്നാൽ ഉള്ളടക്കം പരിശോധിക്കുമ്പോൾ ഇത് രണ്ടാമതൊരു ഗണം നിയമമല്ല, മുമ്പു നല്കപ്പെട്ടിട്ടുള്ള നിയമങ്ങളുടെ ആവർത്തനമാണെന്നു മനസ്സിലാക്കാൻ കഴിയും. അതേസമയം പുറപ്പാട് 20 മുതൽ പഞ്ചഗ്രന്ഥിയിലുള്ള പുസ്തകങ്ങളിലുള്ള നിയമങ്ങളെ വെറുതെ ആവർത്തിക്കുകയല്ല ഇവിടെ ചെയ്തിട്ടുള്ളത്. അടിസ്ഥാനപരമായി മുൻഗ്രന്ഥങ്ങളിലെ നിയമങ്ങളെ വീണ്ടും ഉദ്ധരിക്കുന്നുണ്ടെങ്കിലും അതോടൊപ്പം ഒരു പുതിയ സാഹചര്യത്തിൽ അവയ്ക്കുള്ള പ്രാധാന്യവും പ്രസക്തിയും വിശദമാക്കിക്കൊണ്ട് അവയുടെ അർത്ഥം വ്യാഖ്യാനിക്കുക കൂടി ചെയ്യുന്നുണ്ടിവിടെ. അതിനാൽ രണ്ടാം നിയമം എന്നതിനേക്കാൾ നിയമാവർത്തനം എന്നുതന്നെ പറയുന്നതായിരിക്കും കൂടുതൽ ശരി.

## പശ്ചാത്തലം

40 വർഷത്തെ മരുഭൂമിയിലൂടെയുള്ള യാത്രയ്ക്കുശേഷം വാഗ്ദത്തദേശം കൈയടക്കുന്നതിനായി ജോർദാന്റെ കിഴക്കുവശത്ത് മൊവാബു താഴ്വരയിൽ ഇസ്രായേൽ ജനം പാളയമടിച്ചിരിക്കയാണ് (1:1). ഹെഷ്ബോണിലെ രാജാവായിരുന്ന ഡീഹോനെയും ബാഷാൻ രാജാവിനെയും തോല്പിച്ച് അവരുടെ രാജ്യം ഇസ്രായേല്യർ കൈയടക്കിക്കഴിഞ്ഞിരുന്നു. ജനത്തിന് ദൈവം അനുഗ്രഹങ്ങൾ നല്കുന്നതു കണ്ട മോശ ദൈവത്തോടു പ്രാർഥിച്ചു, ''ജോർദാനക്കരെയുള്ള ഫലഭൂയിഷ്ഠമായ സ്ഥലവും മനോഹരമായ മലമ്പ്രദേശവും ലബനോനും പോയിക്കാണാൻ എന്നെ അനുഗ്രഹിക്കണമേ'' (3:25). എന്നാൽ വാഗ്ദത്തഭൂമിയിൽ മോശ പ്രവേശിക്കയില്ലെന്ന് ദൈവം അയാളെ അറിയിച്ചു. തന്നെയുമല്ല, താമസിയാതെ അയാൾ മരിക്കുമെന്നും പിസ്ഗാ മലയിൽക്കയറി കാനാൻ ദേശം ദൂരത്തു നിന്നു നോക്കിക്കണ്ടുകൊള്ളാനും ദൈവം മോശയോടു പറഞ്ഞു. തന്മൂലം താൻ 40 വർഷം നയിച്ച് ജോർദാന്റെ

ഇക്കരെവരെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്ന ജനങ്ങളോടു നടത്തുന്ന വിടവാങ്ങൽ പ്രസംഗങ്ങളായിട്ടാണ് ഗ്രന്ഥത്തിന്റെ പ്രധാനഭാഗത്തെ അവതരിപ്പിച്ചിരിക്കുന്നത്. യാത്രപറച്ചിലിന്റെ തീവ്രതയും അപ്പോൾ സ്വാഭാവികമായും വെളിപ്പെടുന്ന അടിയന്തിരസ്വഭാവവും ഈ പ്രഭാഷണങ്ങളിൽ കാണാം. കർത്താവിന്റെ നാട്ടിൽ ഒരു പുതിയ ജീവിതത്തിന് ഇസ്രായേൽ ഒരുക്കം കൂട്ടുകയാണ്. അന്ന് അവർക്കു വേണ്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കാൻ താൻ ഉണ്ടാവുകയില്ല. അവരുടെ മനസ്സിൽ എന്നും തറഞ്ഞു നില്ക്കുന്ന രീതിയിൽ വേണം ഭാവി ജീവിതത്തിന് ഉപയുക്തമായ കാര്യങ്ങൾ ഉപദേശിച്ചുകൊടുക്കാൻ. വാഗ്ദത്തദേശത്തെ ജീവിത സുസ്ഥിതിയും സൗഭാഗ്യവും യഹോവയോടുള്ള ഇസ്രായേലിന്റെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കുന്നു. ഉടമ്പടി നിബന്ധനകൾ നിഷ്ക്കർഷാപൂർവം പാലിച്ചാൽ നാടു കൈവശപ്പെടുത്താനും ജീവിതം സുരക്ഷിതവും സൗഭാഗ്യപൂർണവുമാക്കാനും ഇസ്രായേലിനു സാധിക്കും. ഉടമ്പടി ലംഘനം ദേശനഷ്ടത്തിലേക്കും മരണത്തിലേക്കും നയിക്കും.

### ഘടന

മോശയുടെ മൂന്നു വിടവാങ്ങൽ പ്രഭാഷണങ്ങളും അനുഗ്രഹസ്തുതിഗീതങ്ങളും അദ്ദേഹത്തിന്റെ അന്ത്യത്തോടനുബന്ധിച്ച വിവരണങ്ങളുമാണു നിയമാവർത്തന ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഏതാണ്ട് ഒരേ വാക്കുകൾ തന്നെ ആവർത്തിച്ചുകൊണ്ട് പുസ്തകത്തെ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1:1 ''മോശ ഇസ്രായേൽ ജനത്തോടു പറഞ്ഞ വാക്കുകളാണിവ''

4:44 ''മോശ ഇസ്രായേൽ മക്കൾക്കു കൊടുത്ത നിയമമാണിത്''

29:1 ''... മോശയോട് കർത്താവു കല്പിച്ച ഉടമ്പടിയുടെ വാക്കുകളാണിവ''

33:1 ''മോശ... ഇസ്രായേൽ ജനത്തിനു നല്കിയ അനുഗ്രഹമാണിത്''.

തന്മൂലം വ്യത്യസ്ത ദൈർഘ്യമുള്ള മൂന്നു പ്രസംഗങ്ങളും (1:1-4:43; 4:44-28:68; 29:1-30:20) ഒരു കീർത്തനവും (32:1-44) ആശീർവാദവും (33:1-29) മോശയുടെ മരണത്തെപ്പറ്റിയുള്ള വിവരണവുമാണ് (34:1-12) ഗ്രന്ഥത്തിലുള്ളത്.

പ്രബോധനപരമാണ് ഗ്രന്ഥത്തിന്റെ ശൈലി. നിയമങ്ങളെ ഒന്നൊന്നായി വെറുതെ നിരത്തുകയല്ല, അവയെ വ്യാഖ്യാനിച്ച് കേൾവിക്കാരിൽ ബോധ്യം ജനിപ്പിക്കാൻ ശ്രമിക്കുകയാണയാൾ ചെയ്യുന്നത്. ഉടമ്പടിയുടെ രേഖാരൂപം ചില പണ്ഡിതന്മാർ നിയമാവർത്തനഗ്രന്ഥത്തിന്റെ അടിസ്ഥാന രൂപരേഖയായി കാണാറുണ്ട്. പുരാതനകാലത്തെ അന്തർദേശീയ ഉടമ്പടികളുടെ (International Treaty) രേഖാരൂപത്തോടുകൂടിയ ഘടനയുടെ പ്രതിഫലനം താഴെപ്പറയുന്നരീതിയിലുള്ളതാണ്. സാധാരണയായി ഉടമ്പടിയുടെ ഒരു രേഖയിൽ അഞ്ചു ഘടകങ്ങൾ കാണാം. 1. ആമുഖം; 2. മുൻ ചരിത്രവിവരണം; 3. ഉടമ്പടി വ്യവസ്ഥകൾ; 4. അനുഗ്രഹങ്ങളും ശാപങ്ങളും; 5.സാക്ഷികൾ. നിയമാവർത്തനത്തിലെ ഓരോ പ്രഭാഷണത്തിലും ഈ ഘടകങ്ങൾ ഏതാണ്ട് പൂർണമായും കാണാവുന്നതാണ്.

1. ആമുഖം 1:1-5
2. മുൻ ചരിത്രവിവരണം 1:6-3:29; 5:1-11; 29:1-8
3. ഉടമ്പടി വ്യവസ്ഥകൾ 12:1-26:15; 29:16-19
4. അനുഗ്രഹങ്ങളും ശാപങ്ങളും 27:11-28:68; 29:20-28; 30:1-10, 15-18
5. സാക്ഷികൾ 30:19

## ഗ്രന്ഥരചനയും കാലഘട്ടവും

ബി.സി. 722 ൽ വടക്കേ രാജ്യമായിരുന്ന ഇസ്രായേൽ അസ്സീറിയൻ ആധിപത്യത്തിലായി. ഇസ്രായേൽക്കാരിൽ നല്ലൊരു പങ്കും നാടുകടത്തപ്പെട്ടു. ശേഷിച്ചവർ മിശ്രവിവാഹത്തിനു നിർബന്ധിതരായി. യൂദാ തത്കാലത്തേക്കു രക്ഷപ്പെട്ടുവെങ്കിലും ഏതു സമയവും സ്വന്തം സ്വാതന്ത്ര്യം അവൾക്കു നഷ്ടപ്പെടാം എന്ന നിലവന്നു. ഈ സാഹചര്യത്തിൽ തങ്ങളുടെ പരാജയത്തിനു കാരണമെന്തെന്നു ചിന്തിക്കുകയും സമ്പൂർണ നാശത്തിൽ നിന്ന് മോചനം നേടാൻ എന്താണ് മാർഗമെന്ന് ആലോചിക്കു

കയും ചെയ്ത ഒരു കൂട്ടം ജ്ഞാനികൾ ജറുസലെത്തും ഷെക്കെമിലുമായി പ്രവർത്തനനിരതരായി. പുരോഹിതന്മാരും ലേവ്യരുമായിരുന്നു അവരിൽ മുഖ്യരായവർ. യഹോവ മോശവഴി തങ്ങൾക്കു നല്കിയ കല്പനകൾ പാലിക്കാത്തതാണ് ഈ നാശങ്ങളുടെയെല്ലാം മൗലിക ഹേതുവെന്ന് അവർക്കു ബോധ്യപ്പെട്ടു. കർത്താവിനോടു വിശ്വസ്തരായിരിക്കുകയാണ് രക്ഷപ്പെടാനുള്ള ഏകമാർഗം. തന്മൂലം ഇസ്രായേലിന്റെ പരമ്പരാഗത വിശ്വാസങ്ങളെ മുഖ്യമായും ഈ വിധത്തിൽ അവർ വ്യാഖ്യാനിച്ചു. ഇവരെയാണ് നിയമാവർത്തനഗ്രന്ഥ കർത്താക്കൾ (Deuteromistic writers) എന്നു വിളിക്കുന്നത്. അവർ രൂപം കൊടുത്തതാണ് നിയമാവർത്തന സംഹിത (Deuteronomic Code) എന്നറിയപ്പെടുന്ന നിയ 12:1-26:15 വരെയുള്ള ഗ്രന്ഥത്തിന്റെ കേന്ദ്രഭാഗം. ജോസിയാ രാജാവിന്റെ കാലത്ത് ദേവാലയത്തിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ കണ്ടുകിട്ടിയ നിയമപുസ്തകം ഇതാണെന്ന് കരുതപ്പെടുന്നു (2 രാജാ. 22:8-20). എന്നാൽ ഈ നിയമസംഹിതകളോടുകൂടി വേറെയും പാരമ്പര്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. ചില ഭാഗങ്ങൾ (നിയ. 24:13) ബാബിലോണിയൻ അടിമത്തത്തിനുശേഷം ചേർക്കപ്പെട്ടതായിരിക്കാൻ സാധ്യതയുണ്ട്. ബി.സി. 6-ാം നൂറ്റാണ്ടോടുകൂടി നിയമാവർത്തനഗ്രന്ഥം ഇന്നത്തെ രൂപം പ്രാപിച്ചു എന്നു പറയുന്നതാകും കൂടുതൽ ശരി. മോശയുമായി ഇതിലെ ഉള്ളടക്കത്തിന് അഭേദ്യമായ ബന്ധമുണ്ട്. നിയമദാതാവായ മോശ പുറപ്പാട്, ലേവ്യർ, സംഖ്യ എന്നീ ഗ്രന്ഥങ്ങളിൽ നല്കിയിരിക്കുന്ന കല്പനകളും നിയമങ്ങളും പുനരാവിഷ്കരിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്.

## പ്രധാന ദൈവശാസ്ത്ര പ്രമേയങ്ങൾ

*a.* *ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്*

കർത്താവ് പ്രത്യേകമായി തെരഞ്ഞെടുത്ത ജനമാണ് ഇസ്രായേൽ. അത് ജനത്തിന്റെ ഏതെങ്കിലും പ്രത്യേകത നിമിത്തമല്ല. ദൈവത്തിന്റെ സ്നേഹം മാത്രമാണ് തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. ഇസ്രായേൽ ഒരു ജനതയായി നിലനിന്നുപോകുന്നതും ഇക്കാരണം കൊണ്ടുതന്നെയാണ് (4:1; 4:32-38; 5:6).

*b.* *സീനായ് ഉടമ്പടി*

സീനായ് മലയ്ക്ക് ഹോറെബ് പർവതം എന്നാണ് ഗ്രന്ഥകാരൻ സാധാരണയായി ഉപയോഗിക്കുന്ന പദം. ഈ ഉടമ്പടിവഴിയായിട്ടാണ് ഇസ്രായേൽക്കാർ ഒരു ജനമായിത്തീർന്നത്. ദൈവവുമായി അവർക്കുള്ള ബന്ധത്തിന്റെയും കടപ്പാടുകളുടെയും മൂലഹേതു സീനായ് ഉടമ്പടിയാണ് (5:1; 7:6).

*c.* *അനുസരണത്തിന്റെ ആവശ്യകത*

വിശ്വസ്തമായി നിയമങ്ങൾ പിഞ്ചെല്ലുന്നതാണ് അനുസരണം. ഇസ്രായേലിന്റെ അസ്തിത്വം നിലനില്ക്കുന്നത് അനുസരിക്കുന്നുവോ അഥവാ ധിക്കരിക്കുന്നുവോ എന്നതനുസരിച്ചാണ് (11:8-12; 28:15-24).

*d.* *വാഗ്ദത്തഭൂമി*

ദൈവത്തിന്റെ ഉടമ്പടിയുടെ ദാനമാണ് വാഗ്ദത്തഭൂമി (7:8; 8:1; 9:5).

*e.* *നിയമത്തിന്റെ ആന്തരികത*

സാധാരണയായി യഹൂദമതം ബാഹ്യാചാരങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നു. ആന്തരികമായ ഘടകത്തിന് വലിയ പ്രസക്തിയില്ലായിരുന്നു എന്നു പറയാറുണ്ട്. എന്നാൽ അത് നിയമാവർത്തനത്തിന്റെ കാഴ്ചപ്പാടിനോട് യോജിച്ചു പോകുന്നില്ല. പില്ക്കാല പാരമ്പര്യങ്ങൾ അങ്ങനെ ആയിത്തീർന്നിട്ടുണ്ടാകാം. എന്നാൽ പൂർണഹൃദയത്തോടും പൂർണ ആത്മാവോടും കൂടിയാണ് ദൈവത്തെ സ്നേഹിക്കുകയും കല്പനകൾ പാലിക്കുകയും ചെയ്യേണ്ടത് (6:4-9).

*f.* *പാവങ്ങൾക്കു പ്രത്യേക പരിഗണന*

അനാഥർ, വിധവകൾ, പരദേശികൾ ഇവരോട് പ്രത്യേകം കരുണ കാണിക്കണം എന്ന നിഷ്ക്കർഷ നിയമാവർത്തനത്തിൽക്കാണാം. ഈജിപ്തിൽ അവർ അനുഭവിച്ച കാഴ്ചപ്പാടുകളുടെ ഓർമ മറ്റുള്ളവരോട് കരുണയോടുകൂടി പെരുമാറാൻ അവർക്കു പ്രേരക ശക്തിയായിരിക്കണം (15:11; 25:1-7; 26:12-13; 14:29).

**ഉള്ളടക്കം**

## ഒന്നാംഭാഗം : നിയ 1:1–4:43 മോശയുടെ ഒന്നാംപ്രസംഗം

മോശയുടെ ഈ ഒന്നാമത്തെ പ്രസംഗത്തിൽ 1:1–3:29 ഭാഗത്ത് ഇസ്രായേലിന്റെ ചരിത്രമാണു കൊടുത്തിരിക്കുന്നത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രരായതുമുതൽ മൊവാബു താഴ്‌വരയിൽ വന്നെത്തിയതുവരെയുള്ള കാര്യങ്ങൾ. കർത്താവ് തന്റെ കാരുണ്യവും സ്നേഹവും നിമിത്തമാണ് ഇസ്രായേലിനെ തെരഞ്ഞെടുത്തത്. സീനായ് ശേഷമുള്ള ജനത്തിന്റെ യാത്രയിൽ അവിശ്വസ്തത പ്രകടിപ്പിച്ച ചരിത്രമാണ് അവരുടേത്. അതിന്റെ ഫലമായിട്ടാണ് 40 വർഷം അവർക്ക് അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവന്നത്. സീഹോൻ - ഓഗ് രാജാക്കന്മാരുടെ മേലുള്ള വിജയം, വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ആദ്യഭാഗമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്.

## രണ്ടാംഭാഗം : നിയ 4:44–28:68 : മോശയുടെ രണ്ടാം പ്രസംഗം

ഉടമ്പടി നിയമത്തിന് ഒരാമുഖം കൊണ്ടു തുടങ്ങുന്ന ഈ ഭാഗമാണ് നിയമാവർത്തന ഗ്രന്ഥ ത്തിന്റെ കേന്ദ്രം. പത്തു കല്പനകളെ ഉടമ്പടിയുടെ നിയമമായി അവതരിപ്പിച്ചിരിക്കുന്നു. ഇസ്രായേ ലിന്റെ മൗലിക വിശ്വാസപ്രമാണമായ "ഇസ്രായേലേ കേട്ടാലും-*ഷെമാ ഇസ്രായേൽ*" (6:4-9) ഇവിടെ യാണ് വരുന്നത്. നിയമത്തോടു വച്ചുപുലർത്തേണ്ട മനോഭാവവും അത് എന്നും ഓർത്തിരിക്കാനുള്ള മാർഗങ്ങളും ഇവിടെ നിർദേശിക്കപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ നിന്നു പഠിക്കണം. ഇതാണ് ഈ ഭാഗത്തെ ഒരു വലിയ സന്ദേശം. വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചതിനുശേഷം സമൃദ്ധി കാണുമ്പോൾ കർത്താവിനെ മറക്കരുത്. പ്രവാസശേഷം നഷ്ടധൈര്യരായിക്കഴിഞ്ഞിരുന്ന ആളുകൾക്ക് പ്രത്യാശ നല്കുന്നതും, ദൈവത്തിന്റെ അതിശയകരമായ ഇടപെടലുകളെപ്പറ്റിയുള്ള അനുസ്മരണമാണ്. കർത്താവിന്റെ നിയമങ്ങൾ വഴിയായി നൽകപ്പെട്ടത് ഇതേപ്പറ്റിയുള്ള ഓർമപുതുക്കലാണ്. ഇതിൽ അനുഗ്രഹവും ശാപവും ഉൾക്കൊള്ളുന്നു. അവ ജീവനും മരണവുമാണ്. ഏതു തെരഞ്ഞെടുക്കണ മെന്ന് തീരുമാനിക്കാനുള്ള അവകാശം ജനത്തിനുണ്ട്. നിയമാവർത്തക നിയമ സംഹിത (Deuteronomic Code) എന്നറിയപ്പെടുന്ന അധ്യായങ്ങൾ (12:1–26:19) ഇവിടെയാണുള്ളത്. പത്തു പ്രമാ ണങ്ങൾക്കു പുറമേ വ്യക്തിപരവും സമൂഹത്തെ സംബന്ധിക്കുന്നതുമായ നിയമങ്ങളും കല്പനകളും ഇവിടെക്കാണാം.

## മൂന്നാം ഭാഗം : നിയ 29:1–30:20 : മോശയുടെ മൂന്നാംപ്രസംഗം

സീനായ് ഉടമ്പടിയുടെ മാതൃകയിൽ നിയമങ്ങൾ ഒരിക്കൽക്കൂടി വായിച്ചു കേൾപ്പിച്ചതിനുശേഷം ജനമെല്ലാം ചേർന്നു ബലിയർപ്പിച്ചു. ഒരിക്കൽക്കൂടി കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ചു ജീവി ച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഏതാണ് വേണ്ടതെന്ന തീരുമാനം എടുക്കാനുള്ള ആഹ്വാന ത്തോടെയാണ് ഈ പ്രഭാഷണം അവസാനിക്കുന്നത്. അസ്സീറിയൻ - ബാബിലോണിയൻ അടി മത്തത്തിൽപ്പെട്ട് തകർന്നിരിക്കുന്ന ജനത ഇനിയും നശിക്കാതിരിക്കണമെങ്കിൽ മോശ നല്കിയ പ്രമാ ണങ്ങൾക്കനുസൃതമായി ജീവിക്കാൻ ജനം തയ്യാറാവണം.

## നാലാംഭാഗം :നിയ31:1–34:12 :മോശയുടെ അന്തിമചെയ്തികളും മരണവും

തന്റെ പിൻഗാമിയായി ജോഷ്വായെ നിയമിക്കുന്നതും, മോശയുടെ കീർത്തനവും ഓരോ ഗോത്ര ത്തിനും നല്കുന്ന ആശീർവാദവും ഏറ്റം അവസാനത്തിൽ മോശയുടെ മരണത്തെപ്പറ്റിയുള്ള വിവരണ വുമാണ് ഈ ഭാഗത്തുള്ളത്. അവസാനഭാഗത്ത് മോശ എന്ന വ്യക്തിയുടെ പ്രഭാവം എന്തെന്ന് വ്യക്ത മാക്കപ്പെട്ടിരിക്കുന്നു. അതോടെ ഇനിയുള്ള ഇസ്രായേലിന്റെ ചരിത്രം വിജയപ്രദമാകണമെങ്കിൽ (കാ നാൻദേശത്തു പ്രവേശിച്ചതിനുശേഷം) മോശ നല്കിയ കല്പനകൾക്കനുസൃതം ജീവിക്കേണ്ടിയിരി ക്കുന്നു എന്ന അടിസ്ഥാനസന്ദേശവും ഉറപ്പിക്കപ്പെടുകയാണ്. വാഗ്ദാനഭൂമിയിൽ പ്രവേശിച്ചതിനുശേ ഷമുള്ള ജീവിതം മാത്രമല്ല തകർച്ചയ്ക്കുശേഷമുള്ള ഉയിർത്തെഴുന്നേല്പിനും ഇതാവശ്യമാണ്. ഈയർഥത്തിലാണ് നിയമാവർത്തനഗ്രന്ഥം എന്നും ദൈവജനത്തിനു വഴികാട്ടിയായിരിക്കുന്നത്.

# മോശയുടെ ഒന്നാം പ്രസംഗം (നിയ 1:1–4:43)

## നിയ 1:1–3:29 : ഇസ്രായേലിന്റെ ചരിത്രത്തിനുള്ള ആമുഖം

നിയമാവർത്തനഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കാനുള്ള പ്രധാനപ്പെട്ട ആശയങ്ങളാണ് ആരംഭത്തിലുള്ള 3 അധ്യായങ്ങളിൽ നല്കിയിട്ടുള്ളത്. ഉത്പത്തി മുതൽ സംഖ്യവരെയുള്ള ആദിഗ്രന്ഥങ്ങളിൽ കൊടുത്തിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സംഗ്രഹിച്ചിരിക്കയാണ്. ഹോരെബ് പർവതത്തിൽ വച്ച് ദൈവം നല്കിയ വെളിപ്പെടുത്തൽ അനുസരിച്ച് ഇസ്രായേൽ ജനം, മരുഭൂമിയിലൂടെ നീങ്ങി, മൊവാബു താഴ്വരയിൽ എത്തിച്ചേർന്നതുവരെയുള്ള കാര്യങ്ങൾ പരാമർശിച്ചതിനുശേഷം (നിയ 1:5–7), ദൈവം നല്കിയ പ്രമാണങ്ങളെയും കല്പനകളെയും അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. അതിന് ഒരുക്കമായി, ന്യായാധിപന്മാരെ നിയമിച്ച കാര്യവും (1:9–18); കാനാൻ ദേശത്തേക്ക് ചാരന്മാരെ അയച്ചതും (1:19–33); ജനത്തിന്റെ പ്രതികരണവും (1:34–46); കാദെഷിൽ നിന്നുള്ള യാത്രയും (2:1–25); വഴിയിൽ വച്ച് സീഹോന്റെ രാജ്യവും (2:26–37) ബാഷാൻ രാജാവായിരുന്ന ഓഗിന്റെ രാജ്യവും (3:1–11) കീഴ്പ്പെടുത്തിയതും ഈ സംഭവങ്ങൾക്കിടയിൽ മോശയ്ക്കു സംഭവിച്ച പരാജയവും (3:23–29) ഹ്രസ്വമായി വിവരിച്ചുശേഷമാണ് 4:1 മുതൽ ദൈവം നല്കിയ കല്പനകളുടെ വിവരണം നല്കിയിരിക്കുന്നത്.

ഈ ആമുഖത്തിന് മുഖ്യമായും രണ്ടു ലക്ഷ്യങ്ങളുണ്ട്. ഒന്നാമതായി, മോശവഴി നല്കപ്പെട്ട നിയമങ്ങളുടെ ഉറവിടം ദൈവം തന്നെയെന്ന് സ്ഥാപിക്കുക (1:6). രണ്ടാമതായി ഇസ്രായേൽ അതിന്റെ ചരിത്രം തുടങ്ങുന്നത് കാനാൻ ദേശത്തു പ്രവേശിക്കുന്നതിനു മുമ്പു തന്നെയാണ് എന്ന സത്യം ജനത്തെ അനുസ്മരിപ്പിക്കുക. പൂർവപിതാക്കന്മാർക്കും മോശയ്ക്കും തന്നെത്തന്നെ വെളിപ്പെടുത്തിയ ദൈവമാണ് ഇപ്പോൾ തന്റെ ഹിതം ഇസ്രായേൽക്കാർക്കു വെളിപ്പെടുത്തുന്നത്. മോശയുടെ ഗ്രന്ഥത്തിന്റെ അവസാനമായിട്ടാണ് നിയമാവർത്തനം നില്ക്കുന്നത്. അതുവഴിയായി ഉത്പത്തി മുതൽ സംഖ്യവരെയുള്ള പുസ്തകങ്ങളുമായുള്ള ബന്ധം സ്ഥാപിക്കപ്പെടുന്നു. അതേസമയം, ഇസ്രായേലിന്റെ ആരംഭം മോശയുമായിട്ടാണ് ബന്ധപ്പെടുത്തേണ്ടത് എന്ന കാര്യം ഉറപ്പിക്കുകയും കൂടി ചെയ്യുകയാണ്. കാരണം ജോഷ്വാ മുതലുള്ള പില്ക്കാല ചരിത്ര പുസ്തകങ്ങളിൽ രാജാക്കന്മാർക്കാണു പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നത്. രാജാക്കന്മാരുടെ ചരിത്രം തന്നെയും മോശയുടെ കാലത്ത് നിയത രൂപം പ്രാപിച്ച ഇസ്രായേൽ ജനതയുടെ ചരിത്രപ്രയാണത്തിനിടയിലുള്ള ഒരു ഘട്ടം മാത്രമായിരുന്നുവെന്ന് ഈ ഗ്രന്ഥവും അതിന്റെ ആമുഖ അധ്യായങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ഹോരെബ് മലയിൽ വച്ച് നല്കപ്പെട്ട നിയമത്തിന്റെയും അവിടെവച്ചു നടത്തപ്പെട്ട ഉടമ്പടിയുടെയും അടിസ്ഥാനത്തിലാണ് ഇസ്രായേൽ ഒരു ജനമായിത്തീർന്നിരിക്കുന്നത്. അക്കാര്യം മോശ ജനത്തെ ഒരിക്കൽക്കൂടി അനുസ്മരിപ്പിക്കുന്നു.

### 1:1–5 : എഡിറ്ററുടെ ആമുഖം

നിയ 1:1–5 വരെയുള്ള ഭാഗം ഈ ഗ്രന്ഥം ഇന്നത്തെ രൂപത്തിൽ ക്രമീകരിച്ച വ്യക്തിയുടേതാണ്. അയാൾ വാഗ്ദാനഭൂമിയിൽ താമസമാക്കിയ ഒരുവനായിരുന്നു എന്ന് 1:1 ലെ ''ജോർദാന്റെ അക്കരെ മരുഭൂമിയിൽ വച്ചു'' എന്ന പദപ്രയോഗം വ്യക്തമാക്കുന്നു. പ്രധാനപ്പെട്ട നാലു കാര്യങ്ങൾ ഈ ആമുഖത്തിൽ കാണാൻ കഴിയും.

a. തുടർന്നുവരുന്ന നിയമങ്ങൾ ദൈവം മോശവഴി ഇസ്രായേലിനു നല്കിയിട്ടുള്ളവയാണ്. അതാണ് ഈ നിയമത്തിന്റെ ആധികാരികതയ്ക്കുള്ള അടിസ്ഥാനം (1,3,5).
b. കാനാൻദേശം കൈവശപ്പെടുത്തുന്നതിനു മുമ്പുതന്നെ നല്കപ്പെട്ടവയാണ് ഈ നിയമങ്ങൾ(1:3).
c. ജോർദാന് അക്കരെയുള്ള ചില പ്രദേശങ്ങളുടെമേലും ഇസ്രായേലിന് അവകാശമുണ്ട്. സീഹോനെയും ഓഗിനെയും കീഴടക്കിയ കാര്യം പരാമർശിച്ചിരിക്കുന്നത് അതുകൊണ്ടാണ് (1:4)
d. ഇപ്പോൾ വിശദീകരിക്കുന്നത് പുതിയ നിയമമല്ല, നേരത്തെ നല്കപ്പെട്ടിട്ടുള്ളവ തന്നെയാണ് (1:3)

### 1:6–46 : ഹോറെബു മുതൽ ഹോർമാ വരെ

ഇസ്രായേൽക്കാർ കാനാനിൽ പ്രവേശിക്കുന്നതുവരെയുള്ള കാലഘട്ടത്തിലെ ഏതാനും സംഭവങ്ങൾ വിവരിച്ചുകൊണ്ട് അവയിൽനിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങൾ എന്തെല്ലാമെന്ന് മോശ ഉപദേശി

ക്കുകയാണ്. 1:6-8 : വാഗ്ദാനഭൂമി, പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം. ഇസ്രായേൽ കൈയടക്കാൻ പോകുന്ന ഭൂമിയെപ്പറ്റിയുള്ള വാഗ്ദാനം പിതാക്കന്മാരോട് ദൈവം ചെയ്തിരുന്നതാണ് (ഉത്പ. 12:7; 15 :18). ഉത്പത്തി - പുറപ്പാടു സംഭവങ്ങൾ ഹോറെബ് ഉടമ്പടിയുമായി ഇവിടെ ബന്ധപ്പെടുത്തിയിരിക്കുകയാണ്. കാനാൻ ദേശത്തെ ആമോര്യരുടെ നാട് എന്നും വിളിച്ചിരുന്നു. ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ദേശത്തിന്റെ അതിരുകൾ അബ്രാഹത്തോടു ദൈവം അരുളിച്ചെയ്തതുതന്നെയാണ് (ഉത്പ. 15:18-21; നിയ 11:24; ജോഷ്വാ 1:4).

**1:9-18 : ന്യായാധിപന്മാരുടെ നിയമനം**

ന്യായാധിപന്മാരുടെ നിയമനത്തെപ്പറ്റി പുറ 18-ഉം സംഖ്യ 11-ഉം പ്രതിപാദിക്കുന്നുണ്ട്. സംഖ്യയുടെ പുസ്തകത്തിൽ മോശ തന്റെ ജോലി ഭാരത്തെപ്പറ്റി ദൈവത്തോട് ആവലാതി പറയുമ്പോൾ ഇവിടെ ജനത്തോടാണ് ഇക്കാര്യം മോശ പറയുന്നത്. ന്യായാധിപന്മാരെ നിയമിക്കുക വഴി മോശയുടെ ഔന്നത്യം വർധിക്കുകയാണ്. തന്നെയുമല്ല, ആരംഭകാലം മുതൽ തന്നെ നിയമവാഴ്ച നിലനിന്നിരുന്ന ഒരു സമൂഹമായി ഇസ്രായേലിനെ ചിത്രീകരിക്കുകയും ചെയ്യുന്നു

നീതിനിർവഹണത്തെപ്പറ്റിയുള്ള സംവിധാനം ആദ്യമേ സൂചിപ്പിക്കുക വഴി ഗ്രന്ഥകാരൻ, നിയമവാഴ്ചയ്ക്കു നല്കുന്ന പ്രാധാന്യമാണ് എടുത്തുകാണിക്കുന്നത്. രാജാവിന്റെ ചുമതലയായിരുന്നു നീതി നിർവഹിക്കുക എന്നത് (ജറെ. 22:15-17). ജനം തിരെഞ്ഞെടുക്കുകയും മോശ നിയമിക്കുകയും ചെയ്ത ഈ നേതാക്കന്മാർക്ക് പ്രധാനമായ രണ്ടു ദൗത്യമാണുണ്ടായിരുന്നത്: (a) യുദ്ധത്തിൽ നയിക്കുക; (b) നീതി നിർവഹിക്കുക.

**1:19-33 : കാനാനിലേക്കു ചാരന്മാർ**

സംഖ്യയുടെ പുസ്തകം13-14 അധ്യായങ്ങളിലെ വിവരണത്തിന്റെ സംക്ഷിപ്തരൂപമാണിത്. ഇസ്രായേൽക്കാർക്ക് കാനാൻദേശം ഉടനെ കൈയടക്കാൻ സാധിക്കാതെ പോയത് അവരുടെ ഭാഗത്തുനിന്നുണ്ടായ ഭയവും ദൈവത്തോടു കാണിച്ച അനുസരണക്കേടു മൂലവുമാണെന്ന ആശയത്തിനാണ് ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത്. രാജ്യം ദാനമായി ലഭിക്കുന്നതാണെങ്കിലും ജനം അതിനായി പ്രയത്നിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനം ഒരേ സമയം ദാനവും ദൗത്യവുമാണ്. ചാരന്മാരെ അയച്ച് ചുറ്റുപാടുകൾ മനസ്സിലാക്കാം എന്ന നിർദേശം ജനത്തിന്റെ ഭാഗത്തുനിന്നാണ് വരുന്നത്. കൂട്ടുത്തരവാദിത്വമാണ് ഇവിടെ നമ്മൾ ദർശിക്കുന്നത്.

**1:34-45 : കാദെഷിലെ പരാജയം**

ജനത്തിന്റെ ഭയമാണ്, കർത്താവിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കാൻ അവർക്കു തടസ്സമായത്. കർത്താവിന്റെ ഉദ്ദേശ്യത്തെപ്പറ്റിപ്പോലും അവർ സംശയിച്ചു (1:27). മോശയുടെ വാക്കുകളെയും അവർ ധിക്കരിച്ചു (1:32). അവിശ്വസ്തതയ്ക്കും അനുസരണക്കേടിനും തക്ക ശിക്ഷ ദൈവം നല്കുകയാണ്. ഈജിപ്തിൽ നിന്നു പുറപ്പെട്ടുപോന്നവരിൽ ജോഷ്വാ മാത്രമേ കാനാൻദേശത്തു പ്രവേശിക്കുകയുള്ളൂ. മോശ പോലും നിഷ്കാസിതനാവുകയാണ് (1:37). അന്ന് നിസ്സഹായരും തന്മൂലം ശത്രുക്കൾക്കിരയാകുമെന്ന് ജനം ഭയപ്പെട്ടിരുന്നവരുമായ ശിശുക്കൾ മാത്രമായിരിക്കും കാനാനിൽ പ്രവേശിക്കുന്നത്. ശിക്ഷാവിധി കേട്ടു ഭയന്ന ജനം യുദ്ധംചെയ്യാൻ സന്നദ്ധരായി (1:41-46). പക്ഷേ അവസരം കടന്നുപോയത് അവർ മനസ്സിലാക്കിയില്ല. മോശ അവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവർ അയാളുടെ വാക്കു കേട്ടില്ല. കർത്താവ് ജനത്തിന്റെ കൂട്ടത്തിൽ ഇല്ല (1:42) എന്നു കേട്ടിട്ടുപോലും അവർ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഫലമോ? അവർ നിശ്ശേഷം തോല്പിക്കപ്പെട്ടു. ദൈവത്തോടുള്ള ചിലതരം അനുസരണക്കേട്, അവിടത്തെ കാരുണ്യം ലഭിക്കാത്ത കുറ്റങ്ങളായി അവശേഷിക്കും എന്ന വലിയ സത്യം നമ്മൾ ഇവിടെ ഗ്രഹിക്കുകയാണ്. നിയ. 9-ൽ ഈ ആശയം കൂടുതൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പ്രവാചക ഗ്രന്ഥങ്ങളിലും പിന്നീട് പുതിയനിയമത്തിൽ യേശുവിന്റെ പ്രബോധനങ്ങളിലും ഈ ആശയത്തിന് മാറ്റം വരുന്നുണ്ട് (ഏശ 1:18-20; ജറെ 3:8).

ഇസ്രായേൽക്കാർ രാജ്യം കൈവശമാക്കിയത് ശക്തമായ ആൾബലം കൊണ്ടോ യുദ്ധവീര്യം കൊണ്ടോ അല്ല, മറിച്ച് കർത്താവിന്റെ സഹായം കൊണ്ടാണ് എന്ന വസ്തുത അർഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. അന്ന് അവിടെ വസിച്ചിരുന്ന കാനാൻകാരും അമലേക്യരും തങ്ങളെപ്പോലെ തന്നെ ദൈവത്തിന്റെ മക്കളാണെന്ന വിശാലമായ

കാഴ്ചപ്പാട് അവർക്കുണ്ടായിരുന്നില്ല. പക്ഷപാതപരമായ ഈ മനോഭാവം, ഇസ്രായേലിന്റെ പില്ക്കാല പാരമ്പര്യങ്ങളോടും യേശുവിന്റെ മനോഭാവത്തോടും യോജിച്ചുപോകുന്നതല്ല (യോന 4:7-11).

ചരിത്രപരമായി, ഇസ്രായേൽക്കാർ കാനാൻദേശം കയ്യടക്കുന്ന ക്രിസ്തുവിനു മുമ്പുള്ള രണ്ടാം സഹസ്രാബ്ദത്തിൽ (ബി.സി. 1750) മദ്ധ്യപൗരസ്ത്യദേശത്ത് വൻതോതിലുള്ള കുടിയേറ്റങ്ങളും ജനതയുടെ അധിനിവേശനങ്ങളും ഉണ്ടായിരുന്നു. പലപ്രദേശങ്ങളിലെയും ജനങ്ങൾ ഒന്നടങ്കം നീങ്ങിപ്പോവുകയോ, തുരത്തപ്പെടുകയോ ചെയ്തു. അങ്ങനെ നടന്ന ഒരു സംഭവത്തിന് ഇസ്രായേൽ (ഡ്യൂട്രനോമിക് ഗ്രന്ഥകാരൻ) നല്കുന്ന ദൈവശാസ്ത്രപരമായ വ്യാഖ്യാനമാണിത്. അതേസമയം ഈ ഗ്രന്ഥം ഇന്നത്തെ രീതിയിൽ രൂപപ്പെടുന്നത് ഇസ്രായേലിന് രാജ്യവും രാജത്വവും നഷ്ടപ്പെട്ട് ഒന്നുമില്ലാത്ത ഒരു ജനതയായിരുന്ന കാലഘട്ടത്തിലായിരുന്നു. ബി.സി. 18-ാം നൂറ്റാണ്ടിലേക്കാൾ ശക്തമായ പ്രതിസന്ധിയാണ് ബാബിലോണിയൻ അടിമത്തത്തിന്റെ കാലത്ത് അവർ നേരിട്ടത്. നഷ്ടധൈര്യരാകുന്ന ജനത്തോട് ''ഭയപ്പെടരുത്, ദൈവത്തിൽ ശരണപ്പെടുക'' എന്ന സന്ദേശമാണ് ഗ്രന്ഥകാരൻ നല്കുന്നത്.

### 2:1-23 : കാദെഷിൽ നിന്നുള്ള യാത്ര

ദൈവത്തിന്റെ കല്പനയെ ധിക്കരിച്ച ഒരു തലമുറ ഇല്ലാതാകുന്നതുവരെ ഇസ്രായേൽ ജനം കാദെഷിൽ തങ്ങേണ്ടിവന്നു. അതേപ്പറ്റിയുള്ള വിവരണമാണ് 2:1-23ൽ നമ്മൾ കാണുന്നത്. ഇരുപതും അതിനുമേലും പ്രായമുള്ള പുരുഷന്മാരാണ് യുദ്ധം ചെയ്യാൻ വിസമ്മതിച്ച് കുറ്റക്കാരായിത്തീർന്നത്. അവരിൽ മോശ, ജോഷ്വാ, കാലെബ് എന്നിവരൊഴികെ ബാക്കിയെല്ലാവരും 38 വർഷം കൊണ്ട് മരിച്ചു മണ്ണടിഞ്ഞു (2:14). സംഖ്യ 15-20 അധ്യായങ്ങളിൽ ഇക്കാര്യം വിവരിച്ചിരിക്കുന്നു.

മൊവാബു താഴ്വരയിൽ എത്തുന്നതുവരെയുള്ള യാത്രയിൽ 5 വിഭാഗം ജനങ്ങളുമായി ഇടപെടേണ്ടിവരുന്നുണ്ട് ഇസ്രായേലിന്. ഏദോം, മൊവാബ്, അമ്മോൻ ഇവരുമായുള്ള കൂട്ടിമുട്ടൽ സമാധാനപരമായിരുന്നു. സീഹോൻ, ഓഗ് രാജാക്കന്മാരുമായി മാത്രമേ ഇസ്രായേൽക്കാർക്ക് യുദ്ധം ചെയ്യേണ്ടിവന്നുള്ളൂ. ആദ്യത്തെ കൂട്ടരുമായി സൗഹാർദപൂർവം പെരുമാറണമെന്ന് ദൈവം ആവശ്യപ്പെടാൻ രണ്ടു കാരണങ്ങളുണ്ട് : (a) അവർ ഇസ്രായേല്യരുടെ സഹോദരങ്ങളാണ്; (b) കർത്താവ് അവർക്കു അവകാശമായി നല്കിയിരിക്കുന്ന ഭൂമിയിലാണ് അവർ താമസിക്കുന്നത്. ഇസ്രായേല്യർക്കു മാത്രമല്ല ദൈവം ഭൂമി നല്കിയിരിക്കുന്നത് എന്ന കാര്യം അവിടന്ന് ഇവിടെ അനുസ്മരിപ്പിക്കയാണ്. ഏദോംകാർ യാക്കോബിന്റെ സഹോദരനായ ഏസാവിന്റെ സന്തതിപരമ്പരയിൽപ്പെട്ടവരാണ്. ഏദോംകാരുടെ ദേശത്തെ സെയിർ എന്നും ഏദോം എന്നും വിളിച്ചിരുന്നു. ഉത്പ 19:30-36 അനുസരിച്ച് അബ്രാഹത്തിന്റെ സഹോദരപുത്രനായിരുന്ന ലോത്തിന്റെ സന്തതികളാണ് മൊവാബ്യരും അമ്മോന്യരും.

ഏദോമ്യരുടെ നാട്ടിലൂടെ കടന്നുപോകുമ്പോൾ ആവശ്യമായതെല്ലാം അവരോട് വിലകൊടുത്തു വാങ്ങണം (2:6) എന്ന കല്പനയാണ് ദൈവം നല്കുന്നത്. സംഖ്യ 20:21-ൽ ഇസ്രായേല്യരെ ഏദോംകാർ വഴി തടയുന്നതായി നമ്മൾ കാണുന്നു. നിയമാവർത്തനത്തിലെയും സംഖ്യയിലെയും പാരമ്പര്യങ്ങൾ വ്യത്യസ്ത കാലഘട്ടത്തിൽ നിലനിന്നിരുന്ന ബന്ധങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ്. 2:10-12; 20-23 ഭാഗങ്ങളിൽ ഏദോമിലും മൊവാബിലും ആദി മുതൽ താമസിച്ചിരുന്ന ചില വിഭാഗം ആളുകളെപ്പറ്റി പരാമർശിക്കുന്നുണ്ട്.

### 2:24-37 : സീഹോൻ രാജാവിനെ തോല്പിക്കുന്നു

ജോർദാൻ നദിയുടെ കിഴക്കു ഭാഗത്ത് അമോര്യാ രാജാക്കന്മാരായ സീഹോന്റെയും ഓഗിന്റെയും രാജ്യങ്ങൾ കർത്താവു ജനത്തിനു നല്കുന്ന കഥയാണ് 2:24-3:22 വരെയുള്ളത്. ഇതിൽ ഹെഷ്ബോണിലെ രാജാവായിരുന്ന സീഹോന്റെ രാജ്യം കീഴടക്കുന്നതിന്റെ ചരിത്രമാണ് 2:24-37ൽ. ഇസ്രായേലിന്റെ ആദ്യവിജയമായിരുന്നു സീഹോന്റെ മേൽ നേടിയത്. അഞ്ചുതവണ ''കർത്താവ് ഏല്പിച്ചു തന്നു'' (2:24,30,31,36) എന്ന പദപ്രയോഗം സീഹോൻ-ഓഗ് രാജാക്കന്മാരുടെ മേൽ നേടിയ വിജയത്തെപ്പറ്റി വിവരിക്കുമ്പോൾ ഗ്രന്ഥകാരൻ ഉപയോഗിക്കുന്നുണ്ട്. ഇസ്രായേലിന്റെ വിജയം ദൈവത്തിന്റെ ദാനമാണെന്ന് ഇവിടെ ഊന്നിപ്പറയുകയാണ്.

### 3:1-11 : ബാഷാൻ രാജാവായിരുന്ന ഓഗിനെ തോല്പിക്കുന്നു

യുദ്ധം തുടങ്ങിവയ്ക്കുന്നത് ഓഗാണ് (3:1). ഇസ്രായേല്യർ ഈ പ്രദേശത്തിലൂടെ കടന്നുപോകാൻ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളൂ. എന്നാൽ കർത്താവ് ഇസ്രായേല്യർക്ക് വിജയം നൽകി (3:3). ഓഗിന്റെ കട്ടിലിനെക്കുറിച്ചുള്ള ഐതിഹ്യവും (3:11) അവരുടെ ശക്തിയെയും ബലത്തെയുമാണു

സൂചിപ്പിക്കുന്നത്. പുരാതനകാലത്ത് മധ്യപൗരസ്ത്യദേശത്തു നിലനിന്നിരുന്ന വിശുദ്ധ യുദ്ധത്തിന്റെ നിയമപ്രകാരമാണ് കീഴടക്കിയ ജനതയെ ഒന്നൊഴിയാതെ കൊന്നൊടുക്കിയത് (2:33; 3:7). ഇത് പ്രതികാരമോ, രക്തദാഹമോ അല്ല അന്നത്തെ മനുഷ്യന്റെ കാഴ്ചപ്പാടിൽ. തങ്ങളുടെ ദൈവത്തിനുള്ള ബലിയർപ്പണമായി അവർ അതിനെ കണ്ടു. പുതിയനിയമത്തിലേക്കു കടക്കുമ്പോൾ ഈ മനോഭാവത്തിന് സമൂലമായ മാറ്റം കൈവരുന്നു. ധാർമിക മൂല്യങ്ങളിലുള്ള വളർച്ച മനുഷ്യരാശിക്കു കൈവന്നത് സാവകാശമാണ്.

**3:12–22 : ജോർദാനു കിഴക്കുള്ള അവകാശം**

സംഖ്യ 32:1-42ൽ ഈ പ്രദേശം റൂബൻ, ഗാദ് എന്നീ ഗോത്രങ്ങൾക്കും മനാസ്സെയുടെ ഗോത്രത്തിലെ യായീർ, മാക്കിർ എന്നീ ഗോത്രങ്ങൾക്കുമായി വിഭജിച്ചുകൊടുക്കുന്നതിന്റെ ചരിത്രം നമ്മൾ വായിക്കുന്നുണ്ട്. എന്നാൽ വളരെക്കുറച്ചു കാലത്തേക്കുമാത്രമേ ഈ പ്രദേശം കൈവശം വയ്ക്കാൻ ഇസ്രായേലിനു കഴിഞ്ഞുള്ളൂ. ജോർദാനു കിഴക്കുവശം അവകാശം കിട്ടിയവർ മറ്റു ഗോത്രങ്ങളുടെ അവകാശഭൂമി പിടിച്ചടക്കാൻ സഹായിക്കണമെന്ന് 3:18–22ൽ നിർദേശിച്ചിരിക്കുന്നു.

**3:23–29 : മോശ കാനാനിൽ പ്രവേശിക്കുകയില്ല**

വാഗ്ദത്തഭൂമി അകലെനിന്നു നോക്കിക്കണ്ട് തൃപ്തിയടയാനുള്ള അനുവാദം മാത്രമാണ് മോശയ്ക്കു ലഭിക്കുന്നത്. 3:27–28ൽ മോശയുടെ മരണത്തെപ്പറ്റിയുള്ള മുന്നറിയിപ്പു ലഭിക്കുന്നു. മരണത്തെക്കുറിച്ചുള്ള വിവരണം 34:1–5ൽ കാണാം. മോശ, ജനത്തിന്റെ അനുസരണക്കേടിൽ പങ്കാളിയാവുകയായിരുന്നു (നിയ 32:51–52). പിസ്ഗാ മലയുടെ മുകളിൽക്കയറി നിന്നുകൊണ്ട് ദൂരെനിന്ന് വാഗ്ദാനഭൂമി നോക്കിക്കാണാനേ മോശയ്ക്കു കഴിഞ്ഞുള്ളൂ. അനന്യമായ വിധത്തിൽ ഇസ്രായേല്യരെ നയിച്ച മോശയ്ക്ക് യാത്രയുടെ അന്ത്യം കാണാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ പദ്ധതിയിൽ ആരും അനിവാര്യരല്ല. ഓരോരുത്തനും ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം പൂർത്തിയാക്കുക. ചരിത്രത്തിന്റെ നാഥൻ ദൈവമാണ്. അവിടന്ന് തന്റെ ഹിതം ചരിത്രത്തിൽ തനിക്കിഷ്ടപ്പെട്ട വിധത്തിൽ പൂർത്തീകരിക്കുന്നു.

**4:1–11:32 : ദൈവത്തിന്റെ പ്രമാണങ്ങൾ**

നിയമാവർത്തന പുസ്തകത്തിന്റെ രണ്ടാം ഭാഗം തുടങ്ങുന്നത് 4:1-ലാണ്. അത് 11:32 വരെ വ്യാപിച്ചുകിടക്കുന്നു. 4:1–43, അനുസരണത്തിനുള്ള ആഹ്വാനമാണ്. അവിടെ 4:1–20ൽ വിഗ്രഹാരാധനയ്ക്കെതിരെയുള്ള ശക്തമായ താക്കീതാണുള്ളത്. 4:21–43ൽ എല്ലാം തികഞ്ഞു എന്ന ചിന്തയിൽ നടക്കുന്നതിനെതിരെയും പ്രബോധനങ്ങളുണ്ട്. 4:44–5:5 ഉടമ്പടിയുടെ നിയമങ്ങൾക്കുള്ള ആമുഖമാണുള്ളത്. രണ്ടാമത്തെ പ്രസംഗത്തിന്റെ മുഖവുരയാണത്. 5:6–21 ഉടമ്പടിയുടെ നിയമമായ പത്തു പ്രമാണങ്ങൾ നമുക്കു നല്കുന്നു. നാലാമത്തെ യൂണിറ്റായ 5:22–11:32 വരെയുള്ള ഭാഗത്ത് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങൾ നല്കപ്പെട്ടിരിക്കുന്നു.

**4:1–20 : വിഗ്രഹാരാധനയ്ക്കെതിരെയുള്ള താക്കീത്**

കേൾക്കാനും അനുസ്മരിക്കാനും അനുസരിക്കാനുമുള്ള ശക്തമായ ആഹ്വാനമാണ് നാലാം അധ്യായത്തിൽ മുഴുവൻ നിറഞ്ഞുനില്ക്കുന്നത്. പ്രമാണങ്ങൾ അനുസരിക്കേണ്ടതിന് അഞ്ചു കാര്യങ്ങൾ 4:1–8ൽ എടുത്തുകാട്ടുന്നുണ്ട്.

1. അവ കർത്താവു നല്കിയ പ്രമാണങ്ങളാണ്. മോശയാണ് പഠിപ്പിക്കുന്നതെങ്കിലും സ്വന്തം ഹിതമല്ല. കർത്താവായ ദൈവത്തിന്റെ ഹിതമാണ് പ്രമാണങ്ങൾ.
2. പ്രമാണങ്ങൾ ജീവദായകമാണ്. അനുസരണക്കേട് മരണവും നാശവും വരുത്തി വയ്ക്കുന്നു.
3. വാഗ്ദത്തഭൂമി അവകാശമായി ലഭിക്കാൻ അനുസരണം ആവശ്യമാണ്.
4. അനുസരണം ജ്ഞാനവും വിവേകവും നല്കി ഇതര ജനതകളുടെ മുമ്പിൽ അവരെ മഹത്ത്വമുള്ളവരാക്കും.
5. കർത്താവു നല്കുന്ന പ്രമാണങ്ങൾ നീതിയുക്തമാണ്.

**4:21–40 : അലസരാകാതിരിക്കാൻ ശ്രദ്ധിക്കുക**

''ദൈവമായ കർത്താവ് ദഹിപ്പിക്കുന്ന അഗ്നിയാണ്; അസഹിഷ്ണുവായ ദൈവമാണ്'' (4:24). അനുസരണക്കേടിനെ ശിക്ഷിക്കുന്ന ദൈവത്തിന്റെ സ്വഭാവമാണ് ഇതുവഴി ഗ്രന്ഥകാരൻ ഇവിടെ വരച്ചു കാട്ടുന്നത്. വിഗ്രഹാരാധനവഴി വേറൊരു ദൈവസങ്കല്പത്തിലേക്ക് മനുഷ്യൻ കടക്കുകയാണു ചെയ്യുന്നത്.

**4:41–43 : അഭയനഗരങ്ങൾ**

മോശയുടെ ആദ്യത്തെ പ്രഭാഷണം അവസാനിക്കുന്നതിനുമുമ്പ് അഭയനഗരങ്ങളെക്കുറിച്ചുള്ള പരാമർശം ചേർത്തിരിക്കുന്നു. കുറ്റക്കാരനല്ലാത്ത കൊലയാളിക്ക് പ്രതികാരം ചെയ്യാൻ വരുന്ന വ്യക്തിയിൽ നിന്ന് ഓടി രക്ഷപ്പെടാനുള്ള ഒരു മാർഗമായിരുന്നു ഇത്. സംഖ്യ 35:9–14ലും നിയ.19 ലും ഇതേക്കുറിച്ചുള്ള വിശദമായ വിവരണങ്ങളുണ്ട്.

# മോശയുടെ രണ്ടാം പ്രസംഗം (നിയ 4,44–28,68)

**നിയ 4:44–5:5 : ഉടമ്പടി നിയമത്തിന്റെ ആമുഖം**

നിയമാവർത്തനത്തിന്റെ അനുശാസനകളെ ''പ്രബോധനങ്ങൾ'' എന്നർഥം നല്കാവുന്ന ''തോറാ'' എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്. ഇതിൽ കല്പനകളും (എദോത്ത് - Decrees) നിയമങ്ങളും (മിഷ്പാത് - Statutes) സാക്ഷ്യങ്ങളും (ഏദോത്ത് - Ordinances) ഉണ്ട്. നിയമത്തിന്റെ ഭാഷയാണിത്. സമഗ്രമായ ഒരു ജീവിതപ്രമാണം നല്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെയാണ് വ്യക്തികൾ എന്ന നിലയിലും ഒരു സമൂഹമെന്ന നിലയിലും ഇസ്രായേൽ അനുഷ്ഠിക്കേണ്ട നിയമങ്ങളായി ഇവയെ വീക്ഷിച്ചിരുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് വിലക്കേർപ്പെടുത്തുന്ന പരിധികളെന്ന നിലയിലല്ല തോറായെ ഇസ്രായേൽ കണ്ടിരുന്നത്. പ്രത്യുത തങ്ങളെ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിലേക്കു നയിച്ച ദൈവവുമായും മനുഷ്യരുമായും ഐക്യത്തിലും കൂട്ടായ്മയിലും കഴിയാൻ തങ്ങളെ സഹായിക്കുന്ന മാർഗദർശിയായിട്ടാണ്.

ബേത്പെയോറിന് എതിരെയുള്ള താഴ്‌വരയിൽവച്ച് പ്രഭാഷണം നല്കപ്പെട്ടു (4:45). മൊവാബ് സ്ത്രീകളുടെ പ്രലോഭനത്തിനു വഴങ്ങി ഇസ്രായേൽക്കാർ വിഗ്രഹാരാധനയിൽ ഏർപ്പെട്ട സ്ഥലമാണ് അത് (നിയ 4:3; സംഖ്യ 25). ഇത് ബാൽപെയോർ എന്നും അറിയപ്പെടുന്നുണ്ട്. വാഗ്ദാനങ്ങളുടെ പൂർത്തീകരണം കണ്ടുതുടങ്ങിയ ജനത്തോടാണ് മോശ നിയമങ്ങളെക്കുറിച്ചു സംസാരിക്കുന്നത്. കർത്താവ് തന്റെ വാഗ്ദാനങ്ങളോടു വിശ്വസ്തനാണ്. അതുപോലെ ജനവും അവിടുത്തോടു വിശ്വസ്തരായിരിക്കണം.

5:1–5-ൽ ഹോറെബിൽ വച്ച് നടത്തിയ ഉടമ്പടിയെപ്പറ്റി പ്രത്യേകം പറഞ്ഞിരിക്കുന്നു. സീനായിലെ ആ ഉടമ്പടി വഴിയാണ് ഇസ്രായേൽ ഒരു ജനമായിത്തീർന്നത്. ഉടമ്പടി എല്ലാ ഇസ്രായേല്യർക്കും ബാധകമായിരിക്കുന്നതുപോലെ അതുവഴി നല്കപ്പെട്ട നിയമങ്ങളും എക്കാലവും അനുസരിക്കാൻ ഇസ്രായേൽ കടപ്പെട്ടിരിക്കുന്നു. നിയമാവർത്തനഗ്രന്ഥം എഴുതപ്പെട്ട കാലത്തിലേക്കു കടക്കുമ്പോഴാണ് ഈ നിയമങ്ങളുടെ പ്രസക്തി കൂടുതൽ വ്യക്തമാക്കുന്നത്. ബാബിലോൺ അടിമത്തം വഴി സർവതും നഷ്ടപ്പെട്ട ഒരു ജനത; വിജാതീയരുടെയിടയിലായി ചിതറിക്കപ്പെടുക വഴി സ്വന്തം വ്യക്തിത്വവും ഒരു ജനതയെന്ന നിലയിലുള്ള അസ്തിത്വവും നഷ്ടമാകുന്ന അവസ്ഥ. അവിടെയാണ് ദൈവം ആരെന്നും; അവിടന്ന് തങ്ങൾക്കുവേണ്ടി ചരിത്രത്തിൽ എന്താണ് ചെയ്തതെന്നും (ഉടമ്പടി) ആ ഉടമ്പടി തങ്ങളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നതെന്നും ഇസ്രായേൽക്കാർ ഓർക്കണം. പണ്ടെങ്ങോ കഴിഞ്ഞുപോയ ഒരു കാര്യമല്ല ഇത്. ഇന്നും എന്നും സാർഥകമായ ഒരു യാഥാർഥ്യമാണിത്.

**5:6–21 – പത്തു കല്പനകൾ, ഉടമ്പടിയുടെ നിയമം**

ദൈവത്തിന്റെ ജനമെന്ന നിലയിൽ ഇസ്രായേൽ തുടരണമെങ്കിൽ അവർ ജീവിതത്തിൽ അനുഷ്ഠിക്കേണ്ടുന്ന അടിസ്ഥാന പ്രമാണങ്ങളാണ് ഈ പത്തു പ്രമാണങ്ങൾ. പുറ. 20:1 -17ലും ഇതിനു തുല്യമായ ഒരു ലിസ്റ്റു കാണാൻ കഴിയും. പുറ. 34:10-26 ലും പത്തുപ്രമാണങ്ങളോട് സദൃശ്യമായ ഒരു ലിസ്റ്റ് കാണുന്നുണ്ടെങ്കിലും പുറ 20:1-17ഉം നിയ 5:16-21 മാണ് പരസ്പരം സമാനതയുള്ള രണ്ടു ടെക്സ്റ്റുകൾ. നിയമാവർത്തനസംഗ്രഹം (Deuteronomic Code) എന്നറിയപ്പെടുന്ന നിയ 12-26 അധ്യായങ്ങൾ സൂക്ഷ്മവിശകലനത്തിൽ ഈ പത്ത് പ്രമാണങ്ങളുടെ വിശദീകരണങ്ങളാണെന്നു പറയാം.

പത്തു പ്രമാണങ്ങൾക്ക് സദൃശമായ നിയമസംഹിതകൾ മധ്യപൗരസ്ത്യദേശങ്ങളിലെ സംസ്കാരങ്ങളിൽ (ഉദാ: ഹമുറബിയുടെ നിയമസംഹിത) കാണാൻ കഴിയും. എന്നാൽ പഴയനിയമത്തിലെ ഈ പത്തു പ്രമാണങ്ങളെ ഇതര ജനതയുടെ നിയമസംഹിതയിൽ നിന്നു വ്യതിരിക്തമാക്കുന്ന ഘടകങ്ങൾ പലതുണ്ട്. പത്തു കല്പനകളിൽ ആദ്യത്തെ മൂന്നെണ്ണം മനുഷ്യന് ദൈവത്തോടുള്ള കടമയും ബാക്കിയുള്ളവ മനുഷ്യർ തമ്മിൽത്തമ്മിൽ കാത്തുസൂക്ഷിക്കേണ്ട ബന്ധത്തെ ബാധിക്കുന്നവയുമാണ്. ഓർത്തിരിക്കാനും പഠിപ്പിക്കാനുമുള്ള സൗകര്യത്തെപ്രതിയായിരിക്കാം ഇവയുടെ എണ്ണം പത്ത് എന്നാക്കിയിരിക്കുന്നത്

*നിയ 5:6-7 ഒന്നാം പ്രമാണം*

യഹോവയ്ക്കു പുറമേ ദൈവവുമായി യാതൊന്നിനേയും സ്വീകരിക്കാൻ പാടില്ല. കാനാൻദേശത്തു പ്രവേശിച്ചു കഴിയുമ്പോൾ ഫലദായകത്വം, കൃഷി, കന്നുകാലികൾ ഇവയുടെ ഐശ്വര്യത്തിനുള്ള നിദാനം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി വിജാതീയരുടെ ദേവീദേവന്മാരിൽ നിന്ന് ചിലരെയെല്ലാം സ്വീകരിക്കാനുള്ള പ്രവണത ജനത്തിനുണ്ടായിരുന്നു. ഇതിനെതിരെയുള്ള ഒരു താക്കീതു കൂടിയാണിത്.

*നിയ 5:8-10 : രണ്ടാം പ്രമാണം*

പ്രതീകാത്മകമായ അവതരണങ്ങളിലൂടെ ദൈവത്തെ ആരാധിക്കുന്ന സ്വഭാവം എല്ലാ മതങ്ങളിലും ഉണ്ട്. ദൈവാരാധനയ്ക്ക് പ്രതീകങ്ങളെ പ്രയോജനപ്പെടുത്തുന്ന പാരമ്പര്യം ഇസ്രായേലിലും നിലനിന്നിരുന്നു (1 രാജാ 6:23-30). അതേസമയം ഇസ്രായേലിന്റെ വിശ്വാസത്തിൽ രൂഢമൂലമായിരുന്ന വിഗ്രഹങ്ങളോടുള്ള എതിർപ്പ് ഒരു പ്രതീകത്തിന്റെ ഉപയോഗത്തോടുള്ള എതിർപ്പ് എന്നതിലുപരിയായി അപ്രകാരമുള്ള ആരാധനകൾ ധാർമ്മികജീവിതത്തിൽ വരുത്തുന്ന അപജയങ്ങളാണ് ഇവിടെ ദൃശ്യമാകുന്നത്.

*നിയ 5:11 : മൂന്നാം പ്രമാണം*

പഴയനിയമത്തിൽ നാമം, വ്യക്തിക്കുവേണ്ടി നിലകൊള്ളുന്നതാണ്. തന്മൂലം ദൈവത്തിന്റെ തിരുനാമം ദുരുപയോഗപ്പെടുത്തുക എന്നു പറഞ്ഞാൽ ദൈവത്തെത്തന്നെ ദുഷിക്കുക എന്നാണർഥമാക്കുന്നത്. ആണയിടുമ്പോൾ അതിന്റെ ആധികാരികതയ്ക്കും ഉറപ്പിനുമായി, തെറ്റായ കാര്യമാണു പറയുന്നതെങ്കിൽ, ദൈവത്തിന്റെ നാമം അതിനെ ഉറപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്നതു വലിയ തിന്മയാണ്. ഇക്കാര്യമാണ് ഇവിടെ പറയുന്നത്.

*നിയ 5:12-15 : നാലാം പ്രമാണം*

സാബത്ത് വിശുദ്ധമായി ആചരിക്കുക വഴി, ജോലിക്കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നതു മാത്രമല്ല ഉദ്ദേശിക്കുന്നത്. പ്രാർഥനയും ആരാധനയും സാബത്തിനെ വിശുദ്ധീകരിക്കുന്നതിന്റെ ഭാഗമാണ്. വിശ്രമത്തിന്റെ പ്രാധാന്യവും ഇവിടെ ഉദ്ദേശിക്കുന്നുണ്ട് (പുറ 23:12; 34:21).

*നിയ 5:16 : അഞ്ചാം പ്രമാണം*

മാതാപിതാക്കന്മാരെ ബഹുമാനിക്കണം എന്ന കല്പനയ്ക്ക് ഉപോൽബലകമായി ഒരനുഗ്രഹം കൂട്ടിച്ചേർത്തിരിക്കുന്നു. ''നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിന്റെ ദൈവമായ കർത്താവു തരുന്ന നാട്ടിൽ നിനക്കു നന്മയുണ്ടാകാനും വേണ്ടി''. കുടുംബത്തിന്റെ കെട്ടുറപ്പിനും അതുവഴിയായി സമൂഹത്തിന്റെ സുസ്ഥിതിക്കും ഇതാവശ്യമായിരുന്നു. മറ്റു മനുഷ്യരോടുള്ള കടമകളിൽ ആദ്യത്തേതായി മാതാപിതാക്കന്മാരോടുള്ള ബഹുമാനം ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നതിൽ നിന്നുതന്നെ ഇതിന്റെ പ്രാധാന്യം വ്യക്തമാണല്ലോ.

*നിയ 5:17 : ആറാം പ്രമാണം*

അക്രമസ്വഭാവമുള്ള, നിയമവിരുദ്ധമായ കൊലപാതകമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. യുദ്ധത്തിന്റെ സാഹചര്യത്തിലും നിയമനിർവഹണത്തിന്റെ ഭാഗമായും, മൃഗങ്ങളെ കൊല്ലുന്നതുമൊന്നും ഈ പ്രമാണം വഴി നിരോധിക്കപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെ വ്യക്തമായ നിയമങ്ങൾ ഉണ്ടായിരുന്നു (നിയ 17:8; പുറ 21:12-14). പ്രതികാരം കാരണമുള്ള കൊലപാതകം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഗോത്രസംസ്കാരം നിലനിന്നിരുന്ന സാഹചര്യത്തിൽ ഈ നിയമത്തിന് വളരെയേറെ പ്രസക്തിയുണ്ടായിരുന്നു. കാരണം ''രക്തത്തിനുള്ള പ്രതികാരം'' (blood revenge) അന്ന് പതിവായിരുന്നു.

*നിയ 5:18 : ഏഴാം പ്രമാണം*

സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിന്റെ സുസ്ഥിതിയാണ് ഇതുവഴി ലക്ഷ്യമാക്കിയിരിക്കുന്നത്.

*നിയ 5:19 : എട്ടാം പ്രമാണം*

ഇസ്രായേലിൽ സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഉടലെടുത്തതോടെ, സ്വത്തുസംരക്ഷണം സംബന്ധിച്ചും നിയമങ്ങൾ ആവശ്യമായി വന്നു. കള്ളത്തുലാസുകളും (നിയ 25:13-15) അതിരു മാറ്റലുമെല്ലാം (നിയ 19:14) ഇസ്രായേൽക്കാരുടെ പൊതുജീവിതത്തെ ബാധിച്ചു.

*നിയ 5:20 : ഒമ്പതാം പ്രമാണം*

നീതിവിസ്താരവേളയിൽ തെറ്റായി മൊഴികൊടുക്കുന്നതിനെയാണ് ഇവിടെ വിവക്ഷിക്കുന്നത് (പുറ 23:1). കള്ളസാക്ഷ്യം പറയുന്നത് വരുത്തിവയ്ക്കുന്ന വിന ചില്ലറയല്ലല്ലോ (2 രാജാ 21:16). നിയമത്തിൽ അധിഷ്ഠിതമായ നീതിനിർവഹണത്തിന് ആവശ്യമായ ഘടകം സത്യസന്ധമായ സാക്ഷ്യമാണ്.

*നിയ 5:21 : പത്താം പ്രമാണം*

എട്ടാം പ്രമാണവുമായി യോജിച്ചുപോകുന്ന കല്പനയാണിത്. സ്വാർഥതയാണല്ലോ മറ്റുള്ള മനുഷ്യരുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ഒരാളെ പ്രേരിപ്പിക്കുന്നത്. കവർന്നെടുക്കുന്ന വസ്തുക്കളുടെ കൂട്ടത്തിൽ അയല്ക്കാരന്റെ ഭാര്യയെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്ന്, സ്ത്രീകളോടുള്ള അക്കാലങ്ങളിലെ മനോഭാവം കൂടുതൽ വ്യക്തമാകുന്നുണ്ട്.

## നിയ 5:22-11:32 : മോശയുടെ പ്രബോധനങ്ങൾ

### നിയ 5:22-33: മോശ, മധ്യസ്ഥൻ

ദൈവത്തിന്റെ ശബ്ദം ജനം ശ്രവിച്ചവിധമാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. 5:22-27-ൽ ദൈവത്തിന്റെ ഭീതിജനകമായ സ്വഭാവം കാണാം. അതിനു മുമ്പിൽ നില്ക്കാൻ കഴിയാത്തതിനാൽ, മോശ തന്നെ തങ്ങളെ ദൈവത്തിന്റെ ഇഷ്ടം അറിയിച്ചാൽ മതി എന്നു ജനം പറയുന്നു. ഹോറെബ് മലയിൽ വച്ചും ദൈവത്തിന്റെ മഹത്ത്വം ജനം ദർശിച്ചതാണല്ലോ (പുറ 19: 16-18). നിയമം നല്കപ്പെട്ടതിന്റെ മധ്യസ്ഥനായിട്ട് മോശ ഇവിടെ അവതരിപ്പിക്കപ്പെടുന്നു.

ഈ കല്പനകൾ നല്കപ്പെട്ടിരിക്കുന്നതിന്റെ മുഖ്യ ഉദ്ദേശ്യം: (1) അവർ ജീവിച്ചിരിക്കുക; (2) അവർക്ക് നന്മയുണ്ടാകുക; (3) കൈവശപ്പെടുത്തുന്ന ദേശത്ത് അവർക്ക് ദീർഘനാൾ വസിക്കാൻ കഴിയുക. ''ശ്രദ്ധയുള്ളവരായിരിക്കുക; മറക്കരുത്'' (5:32) തുടങ്ങിയ പദപ്രയോഗങ്ങളിലൂടെ, ഈ പ്രമാണങ്ങളുടെ പ്രാധാന്യമാണ് ഗ്രന്ഥകാരൻ വരച്ചു കാണിക്കുന്നത്. ''അവിടുന്ന് ഇതിൽ കൂടുതൽ ഒന്നും പറഞ്ഞില്ല'' എന്ന മോശയുടെ പ്രസ്താവന ഈ കല്പനകളുടെ പരമപ്രാധാന്യമാണു സൂചിപ്പിക്കുന്നത്.

### നിയ 6:1–25 : സുപ്രധാന കല്പന

ഇസ്രായേലിന് പത്തു പ്രമാണങ്ങൾ നല്കപ്പെട്ടതോടെ ഉത്പത്തി മുതലുള്ള സംഭവങ്ങളുടെ ഒരു പരിസമാപ്തി കൈവരികയാണ്. മൂന്ന് പ്രധാന സംഭവങ്ങളാണ് നമ്മൾ ഇവിടെ കാണുന്നത്. (1) തേനും പാലും ഒഴുകുന്ന ഒരു നാട്ടിലേക്ക് തങ്ങൾ കടന്നുചെല്ലുമെന്ന് ദൈവം നല്കിയ വാഗ്ദാനം; (2) അടിമത്തത്തിന്റെ ഭവനമായിരുന്ന ഈജിപ്തിൽ നിന്നുള്ള മോചനം; (3) 10 പ്രമാണങ്ങളിലായി നല്കപ്പെട്ടിരിക്കുന്ന കല്പനകൾ. അടിസ്ഥാനപരമായ ഈ മൂന്നു കാര്യങ്ങളും സാധിച്ചിരിക്കുന്നു. ഇനി വേണ്ടത്, ഈ നിയമങ്ങൾ അനുസരിച്ച് ജനം അവരുടെ ജീവിതം മുമ്പോട്ടു കൊണ്ടുപോകും എന്ന് ഉറപ്പുവരുത്തുകയാണ്. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് 6-ാം അധ്യായത്തിനു രൂപം കൊടുത്തിട്ടുള്ളത്. ഈ അധ്യായത്തിന്റെ ഘടന പരിശോധിച്ചാൽത്തന്നെ ഇക്കാര്യം വ്യക്തമാകും. 6:1-3 : ആഹ്വാനം; 6:4 -9 : കർത്താവിനോടുള്ള അവിഭക്തസ്നേഹം; 6:10-19 : കർത്താവിന്റെ കല്പനകളെ എന്നും അനുസ്മരിക്കണം; 6:20-25 : കർത്താവിന്റെ കല്പനകൾ എല്ലാക്കാലത്തുമുള്ളവരെ പഠിപ്പിക്കണം.

ദൈവം നല്കിയിരിക്കുന്ന ദാനങ്ങളിൽ ഏറ്റം ശ്രേഷ്ഠമായത് അവിടത്തെ കല്പനകളാണ് 4:1-8ൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ആശയങ്ങൾ ഇവിടെയും ആവർത്തിച്ചിട്ടുണ്ട്. നിയമം അനുസരിക്കുന്നതിനു പ്രേരകമായി ''സന്താനപുഷ്ടി'' എന്ന ഘടകം പുതുതായി ഇവിടെ ചേർത്തിട്ടുണ്ട്. ഈ ചട്ടങ്ങളെല്ലാം തങ്ങളുടെ മക്കളെയും പഠിപ്പിക്കാൻ മോശയെ കേൾക്കുന്നവർ ബാധ്യസ്ഥരാണ്.

നിയമാവർത്തന പുസ്തകത്തിന്റെ മുഴുവൻ കാതലാണ് 6,4-9 വാക്യങ്ങൾ. ഇസ്രായേലിന്റെ വിശ്വാസപ്രമാണം ഏറ്റം സംക്ഷിപ്തമായി അവതരിപ്പിച്ചിരിക്കുന്നതിനാൽ പഴയനിയമത്തിന്റെ തന്നെ കാതൽ എന്ന് ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. ''ഷെമാ ഇസ്രായേൽ'' (''ഇസ്രായേലേ കേൾക്കുക'') എന്നാരംഭിക്കുന്ന ഈ വചനഭാഗം ഭക്തനായ യഹൂദൻ ദിവസത്തിൽ 7 പ്രാവശ്യവും ജീവിതത്തിന്റെ എല്ലാ നിർണായകഘട്ടങ്ങളിലും പ്രതിസന്ധികളിലും ആവർത്തിച്ചിരുന്നു. ഭക്തരായ യഹൂദർ ഈ പ്രമാണവും മറ്റു ചില ബൈബിൾ വാക്യങ്ങളും (പുറ 13:1-16; നിയ 6:4-9; 11:13-21) ചെറിയ തുകൽച്ചുരുളുകളിൽ എഴുതി നെറ്റിയിലും ഇടത്തു കൈത്തണ്ടയിലും കെട്ടുന്ന പതിവ് അവരുടെയിടയിൽ നിലവിൽ വന്നു.

ഐശ്വര്യകാലത്ത് കർത്താവിനെ മറക്കരുതെന്ന് ജനത്തെ ഓർമപ്പെടുത്തുന്നു. കാനാൻദേശം കൈവശമാക്കുന്നതോടെ ജനം സമ്പന്നരാകാൻ പോവുകയാണ്. താൻപോരിമാ മനോഭാവം പൂണ്ട് ദൈവത്തെ അവർ മറക്കരുത്. കർത്താവിനെ ഭയപ്പെടണം. അന്യദേവന്മാരുടെ പുറകേ പോകാനുള്ള പ്രലോഭനം വളരെ ശക്തമായിരിക്കും. എന്നാൽ ജനം കരുതലുള്ളവരായിരിക്കണം. അല്ലെങ്കിൽ അവയുടെയെല്ലാം നഷ്ടവും സമൂലനാശവുമായിരിക്കും ഫലം (6:15-25). ബാബിലോൺ പ്രവാസം ഒരു യാഥാർഥ്യമായ ജനതയെ സംബന്ധിച്ച് ഈ താക്കീത് തികച്ചും അർഥവത്തായിരുന്നു. കർത്താവിന്റെ സ്നേഹത്തെയും അവിടത്തെ കല്പനകളെയുംകുറിച്ച് മക്കളെ പഠിപ്പിക്കാനുള്ള വലിയ ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. രക്ഷാകരചരിത്രത്തിന്റെ ഒരു സംക്ഷിപ്തരൂപമാണ് നമ്മൾ ഇവിടെ കാണുന്നത്. നിയ 26:5-10 ൽ ഇതിന്റെ അല്പംകൂടെ വിപുലമായ ഒരവതരണം കാണാം. ഇസ്രായേലിന്റെ ചരിത്രം വിവരിച്ചുകൊണ്ട് ദൈവത്തോടു വിശ്വസ്തത പുലർത്തി ജീവിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

### നിയ 7:1–26 : ഇസ്രായേലും ഇതര ജനങ്ങളും

6-ാമത്തെ അധ്യായത്തിൽ ദൈവവും ഇസ്രായേല്ക്കാരും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റി പരാമർശിച്ചു കഴിഞ്ഞു. 7-ാമത്തെ അധ്യായത്തിലാകട്ടെ, ഇസ്രായേൽക്കാർ മറ്റു ജനതകളോടു വച്ചു പുലർത്തേണ്ട പ്രവർത്തനരീതി ഏതു തരത്തിലുള്ളതായിരിക്കണം എന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. 7:1-5, 17-26ൽ കാനാൻകാരെയും അവരുടെ ആരാധനാവസ്തുക്കളെയും ഉന്മൂലനം ചെയ്യേണ്ടതിനെക്കുറിച്ചാണു പ്രതിപാദിച്ചിരിക്കുന്നത്. 7:6-16ൽ ഇപ്രകാരം ഒരു കല്പനയുടെ അടിസ്ഥാനകാരണം എടുത്തുകാണിച്ചിരിക്കുന്നു.

അടിസ്ഥാനപരമായി മൂന്നു കാര്യങ്ങളാണ് ഇതര ജനങ്ങളുമായി ഇടപെടുമ്പോൾ ഇസ്രായേൽക്കാർ ശ്രദ്ധിക്കണമെന്ന് ദൈവം ആവശ്യപ്പെടുന്നത്. 1) ദേശത്തെ മുൻതാമസക്കാരെയെല്ലാം ഒന്നടങ്കം നശിപ്പിക്കണം (7:2), അവരുമായി യാതൊരുതരത്തിലുമുള്ള ഉടമ്പടിയിലും ഏർപ്പെടരുത്; 2)

ദേശവാസികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത് (7:4); 3) ദേശവാസികളുടെ എല്ലാവിധ ആരാധനാവസ്തുക്കളെയും പൂർണമായും നശിപ്പിക്കണം (7:5).

പുതിയ നിയമപ്രബോധനങ്ങളുടെ പശ്ചാത്തലത്തിൽ പഴയനിയമത്തിലെ ഈ നിയമങ്ങൾ അപ്ര സക്തങ്ങളാണ്. യേശുവിന്റെ ജീവിതശൈലിക്കു നിരക്കാത്തതും അവിടത്തെ പ്രബോധനങ്ങൾക്കു വിരുദ്ധവുമാണ് ''ഹറെ''മിന്റെ പുറകിലുള്ളതെങ്കിലും അന്നത്തെ സാഹചര്യത്തിൽ നമുക്ക് അതു മനസ്സിലാക്കാൻ കഴിയും. അതിനു സഹായകമായ കാര്യങ്ങൾ പരിശോധിക്കാം.

(1) തദ്ദേശവാസികളെ നശിപ്പിക്കുക എന്നതിനേക്കാൾ വിഗ്രഹാരാധന ഇല്ലാതാക്കുക എന്ന താണ് ഈ കല്പനയുടെ മുഖ്യലക്ഷ്യം. (2) ഇസ്രായേൽ ജനം നിരന്തരം നേരിട്ടുകൊണ്ടിരുന്ന ഒരു അപകടമാണ് വിഗ്രഹാരാധന. അവരുടെ ചരിത്രത്തിൽ സോളമന്റെയും ആഹാബിന്റെയും അനുഭവം അതു ചൂണ്ടിക്കാണിക്കുന്നുണ്ട്. (3) ബാബിലോണിൽ പ്രവാസികളായിരുന്നവരോ, പ്രവാസത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചിരുന്നവരോ ആയ ആളുകളോടാണ് ഗ്രന്ഥകാരൻ ഇതു പറയുന്നത്. കാനാൻകാരെ ഉന്മൂലനം ചെയ്യുകയും അവരുമായി വേഴ്ചയിൽ ഏർപ്പെടാതിരിക്കുകയും ചെയ്തിരു ന്നെങ്കിൽ ഈ ദുരവസ്ഥയിൽനിന്ന് അവർക്കു മോചനം ലഭിക്കുമായിരുന്നു എന്ന് നിയമാവർത്തന ഗ്രന്ഥ കർത്താവു ചൂണ്ടിക്കാണിക്കുകയാണ് (4) ഈ കല്പന ഒരിക്കൽപ്പോലും അക്ഷരാർഥത്തിൽ നടപ്പാക്കപ്പെട്ടിട്ടില്ല എന്നതിന് ഇസ്രായേലിന്റെ ചരിത്രം സാക്ഷ്യം നല്കുന്നു. (5) അതേസമയം സൗഹാർദത്തിന്റെ പേരിൽ സ്വന്തം വിശ്വാസത്തിലും ധാർമികജീവിതത്തിലും മായം ചേർക്കരുത് എന്നൊരു സത്യം കൂടി ഈ വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ഇസ്രായേലിനെ ദൈവം തെരെഞ്ഞെടുക്കാനുള്ള കാരണം ദൈവത്തിന് അവരോടുള്ള സ്നേഹം ഒന്നു മാത്രമായിരുന്നു. അത് അവരുടെ ഭാഗത്തുള്ള ഏതെങ്കിലും പ്രത്യേക യോഗ്യതയുടെ പേരിലല്ല. പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയോട് കർത്താവ് വിശ്വസ്തനാണ്. അതുകൊണ്ടാണ് അവിടന്ന് അവർക്ക് ഒരു ദേശം നല്കുന്നത്. ''തന്നെ സ്നേഹിക്കുന്നവനോട് ആയിരം തലമുറകൾ വരെ അവി ടന്ന് സ്നേഹം പ്രകടിപ്പിക്കുന്നു'' എന്ന പ്രസ്താവന കർത്താവിന്റെ അചഞ്ചല സ്നേഹത്തെയാണു സൂചിപ്പിക്കുന്നത് (നിയ 7:6-16).

അതേസമയം കർത്താവിനെ വെറുക്കുന്നവനെ അവിടന്ന് ശിക്ഷിക്കും. മനഃപൂർവം കർത്താവിനെ ധിക്കരിക്കുകയും നിഷേധിക്കുകയും അവഗണിക്കുകയും ചെയ്യുന്നതിനെയാണ് ''വെറുക്കുക'' എന്ന പദം സൂചിപ്പിക്കുന്നത്. കർത്താവിനോടുള്ള വിശ്വസ്തത അനുഗ്രഹത്തിന്റെ നിദാനമാണ്. നാടിന്റെ ഫലപുഷ്ടിയും സമ്പൽസമൃദ്ധിയും കർത്താവിന്റെ ദാനമാണ് (7:12-16).

നിർഭയം യുദ്ധംചെയ്യാനുള്ള ആഹ്വാനമാണ് തുടർന്ന് (7,17-26). ശത്രുക്കളുടെ മുമ്പിൽ നഷ്ട ധൈര്യരായി ഒളിച്ചോടരുത്. ദൈവം ചരിത്രത്തിൽ ചെയ്ത കാര്യങ്ങൾ ഓർക്കണം. ഫറവോയെയും അവന്റെ സൈന്യത്തെയും തോല്പിച്ച കർത്താവിന് ഇസ്രായേൽ ജനം അഭിമുഖീകരിക്കുന്ന ഏതു പ്ര തിസന്ധികളിലും അവരെ സഹായിക്കാൻ കഴിയും. പ്രകൃതിശക്തികളെപ്പോലും അവിടന്ന് അതിനായി വിനിയോഗിക്കും (7:20). കർത്താവ് ജനത്തിന്റെ മധ്യേയുണ്ട്. അതാണ് ഇസ്രായേൽക്കാരുടെ ശക്തി യുടെ ഉറവിടം.

ജനതകളുടെ ആരാധനാവസ്തുക്കളെ കൈവശം വച്ചുകൊണ്ടിരിക്കുന്നതിന് എതിരെയും കർത്താവിന്റെ അനുശാസനമുണ്ട്. കാരണം അവയെല്ലാം കർത്താവിന് അസ്വീകാര്യമായ വസ്തുക്ക ളാണ്. ''കർത്താവിന് നിന്ദ്യം'' എന്നാണ് വചനം അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. അടിസ്ഥാനപര മായി ഇസ്രായേൽക്കാർ കർത്താവിനുള്ള വിശുദ്ധ ജനമാണ്. കർത്താവ് നിന്ദ്യമായി കരുതുന്നതെല്ലാം നിന്ദ്യമായി കർത്താവിനുള്ളവരും കരുതണം. ഒരു പ്രത്യേക ദേവന്റെ ആരാധനയുമായി ബന്ധപ്പെട്ട വസ്തുക്കളെല്ലാം ആ ദേവന്റേതാണെന്ന കാഴ്ചപ്പാടാണുണ്ടായിരുന്നത്.

## നിയ 8:1-20: കർത്താവിന്റെ പ്രമാണത്തെ ഓർക്കുക

ഏഴാമത്തെ അധ്യായത്തിൽ വിഗ്രഹാരാധനയുടെ അപകടത്തിൽ നിന്ന് ഓടിയകലാനുള്ള പ്രബോധനങ്ങളാണ് നമ്മൾ കണ്ടത്. കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു ഭീഷണിയാകാവുന്ന വേറെ രണ്ടു അപകടങ്ങൾ കൂടിയുണ്ട്. മരുഭൂമിയുടെ വറുതിയിൽനിന്ന് കാനാൻ ദേശത്തിന്റെ സമൃദ്ധി യിലേക്കു കടന്നുവരുമ്പോൾ ഉണ്ടാകാവുന്ന സ്വയം പര്യാപ്തതാ മനോഭാവമാണ് അതിൽ ഒന്നാമത്തേ

ത്. അതിനുള്ള പ്രതിവിധിയാണ് മരുഭൂമിയിലെ നാല്പതുവർഷം കർത്താവ് എങ്ങനെയാണ് തങ്ങളെ വഴി നടത്തിയത് എന്ന കാര്യം സ്ഥിരം ഓർക്കുന്നത്.

തങ്ങൾ മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവരാണെന്നും തങ്ങളുടെ നീതി നിമിത്തമാണ് കാനാൻ ദേശം തങ്ങൾക്ക് അധീനമാക്കാൻ കഴിഞ്ഞത് എന്നും ഉള്ള അഹങ്കാരമാണ് രണ്ടാമത്തെ അപകടം. ഇസ്രായേൽ ഒരു ജനതയായി തുടരുന്നതും വാഗ്ദത്ത ഭൂമിയിൽ വാസമുറപ്പിക്കുന്നതും കർത്താവിന്റെ കരുണാർദ്രമായ സ്നേഹം ഒന്നുകൊണ്ടു മാത്രമാണെന്ന് അവർ മനസ്സിലാക്കണം.

മരുഭൂമിയിലെ അനുഭവത്തിൽ നിന്നും അവർ പഠിക്കേണ്ട പാഠങ്ങൾ ഇവയാണ്: 1) അവരെ എളിമപ്പെടുത്താനുള്ള അവസരമായിരുന്നു അത് (8:2-3). 2) അത് പരീക്ഷണത്തിന്റെ കാലഘട്ടമായിരുന്നു (8:2). 3) ശിക്ഷണത്തിന്റെ കാലഘട്ടം. 4) ആഴമായ സത്യം ഗ്രഹിക്കാനുള്ള അവസരം.

ഇസ്രായേലിന്റെ മരുഭൂമിയിലൂടെയുള്ള അലഞ്ഞുതിരിയലിനെപ്പറ്റി വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പഴയനിയമത്തിൽ കാണാൻ കഴിയും. ദൈവത്തോടുള്ള വിശ്വസ്തതയുടെ കാലഘട്ടമായിട്ടാണ് ജറെമിയായും (2:2-8) ഹോസിയായും (2:14; 9:10) ഈ കാലഘട്ടത്തെ കാണുന്നത്. എന്നാൽ എസക്കിയേലാകട്ടെ (20:10-26) അവിശ്വസ്തയുടെയും വിഗ്രഹാരാധനയുടെയും കാലമായി ഇതിനെ വീക്ഷിക്കുന്നു. നിയമാവർത്തനഗ്രന്ഥകാരൻ ഇതിനു രണ്ടിനുമിടയ്ക്കുള്ള ഒരു കാഴ്ചപ്പാടാണ് കൈക്കൊള്ളുന്നത്.

സാമ്പത്തിക ഭദ്രത ദൈവത്തെ മറക്കാൻ കാരണമാകാം (8:11-14). ഐശ്വര്യവും സമൃദ്ധിയും ദൈവത്തിന്റെ അനുഗ്രഹത്തിന്റെ അടയാളങ്ങളായി കാണണം. ധനത്തിന്റെ അപകടമായിട്ട് രണ്ടു കാര്യങ്ങളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. സമ്പത്തും സമൃദ്ധിയും സ്വന്തം ശക്തിയാൽ നേടിയെടുത്തതാണ് എന്ന ചിന്തയാണ് ആദ്യത്തെ അപകടം. ദൈവത്തെ വിസ്മരിക്കലാണ് രണ്ടാമത്തെ അപകടം. കഴിഞ്ഞകാലത്തെക്കുറിച്ചുള്ള ഓർമയും ശിക്ഷയെക്കുറിച്ചുള്ള അവബോധവുമാണ് ഇതിനെതിരെയുള്ള പ്രതിവിധി.

### നിയ 9:1-7 : ഒരുങ്ങിയിരിക്കുക, എളിമയുള്ളവരായിരിക്കുക

വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചു കഴിയുമ്പോൾ ജനം ശ്രദ്ധ ചെലുത്തേണ്ട വേറെയും ചില രംഗങ്ങളുണ്ട്. കർത്താവു നല്കിയതാണ് ആ വിജയമെന്ന് അവർ എന്നും ഓർക്കണം. ആ ചിന്ത അവരെ എളിമയിലേക്കു നയിക്കണം. തങ്ങൾ മറ്റുള്ളവരേക്കാൾ നല്ലവരായതിനാലാണ് കർത്താവ് തങ്ങൾക്ക് വിജയം നല്കിയത് എന്നു ചിന്തിക്കാനുള്ള പ്രലോഭനവും ഉണ്ടാകാം. അഹങ്കാരത്തിന്റെ നിഗൂഢമായ ഒരു ഭാവമാണിത്.

അതേസമയം, ഇസ്രായേലിന് രാജ്യം ലഭിക്കാൻ രണ്ടു കാരണങ്ങളാണ് ഗ്രന്ഥകാരൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. 1) കാനാൻവാസികളുടെ തിന്മ നിറഞ്ഞ ജീവിതം. വിഗ്രഹാരാധനയും അധാർമിക ജീവിതവും കാരണം ഭൂമുഖത്തുനിന്നു തന്നെ അവർ നിഷ്കാസിതരാവുകയാണ് (ഉത്പ. 15:16). 2) പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം (ഉത്പ.12:1-4). അബ്രാഹത്തിന്റെ സന്തതികൾക്ക് ഒരു ദേശം അവകാശമായി നല്കും എന്ന വാഗ്ദാനത്തോട് ദൈവം വിശ്വസ്തത പുലർത്തുന്നു. അതേസമയം അധർമ്മം നിറഞ്ഞ ജീവിതമാണ് അവർ നയിക്കാൻ പോകുന്നതെങ്കിൽ ഇസ്രായേൽക്കാരനും വിജാതീയരെപ്പോലെതന്നെ നശിക്കും എന്ന കാര്യവും ദൈവം അവരെ അനുസ്മരിപ്പിക്കുന്നു.

### നിയ 9:7-10:11 : ചരിത്രത്തിൽനിന്ന് പഠിക്കുക

കടന്നുവന്ന വഴി മറക്കരുത് (9:8). മരുഭൂമിയിലെ അലഞ്ഞുതിരിയലിന്റെ കാലമെല്ലാം ഒരു തരത്തിലുള്ള മത്സരജീവിതമായിരുന്നു ഇസ്രായേലിന്റേത്. ഭാവിയിൽ ജനം കൂടുതൽ കരുതലുള്ളവരായിരിക്കണമെന്ന് അനുസ്മരിപ്പിക്കുന്നതിനുവേണ്ടി നിയമാവർത്തന ഗ്രന്ഥകാരൻ ചരിത്രത്തിലെ അപജയങ്ങളിൽ ചിലത് എടുത്ത് നിറം കൊടുത്ത് വിശദീകരിക്കുകയാണു ചെയ്യുന്നത്. മോശ ജനത്തിനുമുമ്പിൽ അവതരിപ്പിക്കുന്ന നിയമങ്ങൾ കർത്താവ്തന്നെ ''തന്റെ കൈവിരൽകൊണ്ട് എഴുതിയവയാണ്'' (9:10). അവ ലംഘിക്കുന്നവർ ദൈവത്തിന്റെ വാക്കുകൾ തന്നെയാണു ലംഘിക്കുന്നത്. സ്വർണം കൊണ്ടുള്ള കാളക്കുട്ടിയെ ആരാധിക്കുക വഴി ദൈവത്തിനെതിരെ വലിയ തെറ്റു ചെയ്തസംഭവമാണ്

(പുറ. 32:1–29) മോശ ഇവിടെ പരാമർശിക്കുന്നത് (9:12–21). ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന വനായി ഗ്രന്ഥകാരൻ മോശയെ അവതരിപ്പിക്കുന്നുണ്ട് (9:17–19).

ഇസ്രായേലിന്റെ യാത്രയ്ക്കിടയിൽ നടന്ന പ്രധാനപ്പെട്ട മൂന്നു സംഭവങ്ങൾകൂടി ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നുണ്ട് - തബേരായിലും മാസായിലും കിബ്റോത്ത് ഹത്താവയിലും വച്ചുന ടന്ന അവിശ്വസ്തതയുടെ അനുഭവങ്ങൾ (പുറ 17:1–7; സംഖ്യ 11:1–3; 13:25–14:38). മോശ ദൈവത്തിന്റെ മുമ്പാകെ നടത്തിയ മധ്യസ്ഥ പ്രാർഥനയുടെ വിശദാംശങ്ങളാണ് 9:25–29 വരെയുള്ളത്. തങ്ങളുടെ ചരിത്രത്തിലേക്ക് പിന്തിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കാനോ അഹങ്കരിക്കാനോ ഇസ്രായേലിന് യാതൊന്നുമില്ലെന്നു മോശ വ്യക്തമാക്കിക്കൊടുക്കുകയാണ്. ഹോറെബിൽ വച്ചുതന്നെ തുടങ്ങിയ താണ് അവിശ്വസ്തതയുടെ ചരിത്രം.

ഒറ്റപ്പെട്ട സംഭവമായിരുന്നില്ല ഹോറെബിലെ അവിശ്വസ്തത. തബേരായിൽ വച്ചാണ് ജനം കർത്താവിന് എതിരായി പിറുപിറുത്തതും അവിടത്തെ കോപത്തിന് ഇരയായതും (സംഖ്യ 11:1–3,5,34). ജലത്തിനുവേണ്ടി കർത്താവിനെ പരീക്ഷിച്ച സ്ഥലമാണ് മാസാ (പുറ 17:1–7). കിബ്റോത്ത് ഹത്താവ യിൽ വച്ച് മാംസത്തിനുവേണ്ടി അവർ മുറവിളികൂട്ടി (സംഖ്യ 13–14; നിയ 1:19–46). ഇന്ന് ഇസ്രായേൽ ഒരു ജനമായി നിലനില്ക്കുന്നുണ്ടെങ്കിൽ അതിനു കാരണം ദൈവത്തിന്റെ കാരുണ്യവും വിശ്വസ്ത തയും മാത്രമാണ്.

മോശയുടെ മധ്യസ്ഥ പ്രാർഥനയുടെ ഫലമായി എന്താണു സംഭവിച്ചത് എന്ന് 10:10–11ൽ പറഞ്ഞി രിക്കുന്നു. അതിനു മുമ്പായി കരുവേലമരംകൊണ്ട് ഒരു പേടകം ഉണ്ടാക്കിയതും (10:1–5), അവരുടെ പിന്നീടുണ്ടായ ഒരു യാത്രയെപ്പറ്റിയും അഹറോന്റെ മരണത്തെപ്പറ്റിയും അദ്ദേഹത്തിന്റെ പുത്രനായ എലെയാസർ പുരോഹിതശുശ്രൂഷ ഏറ്റെടുക്കുന്ന സംഭവവും രേഖപ്പെടുത്തിയിരിക്കുന്നു (10:6–9). ലേവീ ഗോത്രത്തിന് കർത്താവു നല്കിയ മൂന്നു പ്രധാന ജോലികളെപ്പറ്റിയുള്ള വിവരണം ഇവിടെ കാ ണാം. അവ 1) കർത്താവിന്റെ ഉടമ്പടിയുടെ പേടകം വഹിക്കുക; 2) അവിടത്തെ സന്നിധിയിൽ ശുശ്രൂഷ ചെയ്യുക; 3) കർത്താവിന്റെ നാമത്തിൽ ജനത്തെ അനുഗ്രഹിക്കുക എന്നിവയായിരുന്നു.

നിയമാവർത്തനഗ്രന്ഥത്തിൽ (6:9) ലേവ്യരെ വാഗ്ദാനപേടകത്തിന്റെ കാവൽക്കാരും നിയമഗ്രന്ഥ ത്തിന്റെ വ്യാഖ്യാതാക്കളും ഉപദേശകരുമായി അവതരിപ്പിച്ചിരിക്കുന്നു. അതേ സമയം ചിലയിടങ്ങളിൽ അവർ ജനത്തിന്റെ സവിശേഷമായ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമായിട്ടാണ് നിയമാവർത്തന ത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്നത് (25:1–7). പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ബി.സി. 587ൽ ദേവാ ലയം നശിപ്പിക്കപ്പെട്ടതോടെ ശുശ്രൂഷ ചെയ്യാൻ ബലിപീഠം ഇല്ലാതിരിക്കുക വഴി സാമ്പത്തിക ഞെരു ക്കത്തിൽ ഏർപ്പെട്ട ലേവ്യരുടെ ചിത്രമായിരിക്കാം ഇവിടെ കാണുന്നത്. അതുമല്ലെങ്കിൽ ബി.സി. 722 ൽ വടക്കേ രാജ്യമായ ഇസ്രായേലിനെ അസ്സീറിയക്കാർ തോല്പിച്ച് അവരുടെ സാമ്രാജ്യത്തിന്റെ ഭാഗ മാക്കിയ സാഹചര്യത്തിൽ അവിടെനിന്ന് ജറുസലേമിലേക്ക് ഓടിപ്പോന്ന ലേവീഗോത്രജരുമാകാം ഇവർ.

### നിയ 10:12–11:7 : കർത്താവിന്റെ നിയമം അനുഗ്രഹവും ശാപവും ഉൾക്കൊള്ളുന്നു

കർത്താവ് ആവശ്യപ്പെടുന്നത് അനുസരണമാണ് (10:12–22). കർത്താവിന്റെ സ്വഭാവം വിശദീകരി ക്കുന്ന മനോഹരമായ ഒരു ഭാഗം ഇവിടെക്കാണാം. ''ആകാശവും ആകാശങ്ങളുടെ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും അവിടത്തേക്കാണ് (10:14). ദൈവങ്ങളുടെ ദൈവം എന്ന പദപ്ര യോഗം ഹീബ്രു ഭാഷയുടെ പ്രത്യേകതയാണ്. വേറെ ദൈവങ്ങൾ ഉണ്ടെന്നല്ല അതിനർഥം. ''മഹത്ത മം, അത്യുന്നതൻ'' തുടങ്ങിയ ''അത്യുത്തമ'' പദത്തെ സൂചിപ്പിക്കുന്ന വിശേഷണം (Superlative) ഇല്ലാ ത്തതിനാലാണ് ഈ പ്രയോഗങ്ങൾ ഉപയോഗിക്കുന്നത്.

ദൈവവുമായുള്ള ബന്ധത്തിൽ അവശ്യം പാലിക്കേണ്ട അടിസ്ഥാന മനോഭാവത്തിന്റെ അഞ്ചു വ ശങ്ങൾ (10:12–13) ഇവിടെക്കാണാം. 1) കർത്താവിനെ ഭയപ്പെടുക; 2) അവിടത്തെ മാർഗത്തിൽ ചരി ക്കുക; 3) അവിടത്തെ സ്നേഹിക്കുക; 4) അവിടത്തെ സേവിക്കുക; 5) പ്രമാണങ്ങൾ അനുസരിക്കുക. 10:20 ൽ ഈ കല്പനകൾ വീണ്ടും ആവർത്തിക്കുന്നുണ്ട്. കർത്താവിനെ ''ഭയപ്പെടുക'' എന്നു പറ ഞ്ഞാൽ അവിടത്തോട് ബഹുമാനവും ആദരവും പ്രദർശിപ്പിക്കുക എന്നാണ്. കർത്താവിനെ സേവി ക്കുക എന്നതുകൊണ്ട് അവിടുത്തേക്കു നല്കേണ്ട ആരാധനയെപ്പറ്റിപറഞ്ഞിരിക്കുന്നു. എന്നാൽ ചില

കർമ്മാനുഷ്ഠാനങ്ങളിൽ ഒതുങ്ങുന്നതല്ല ഈ ആരാധന. അവിടത്തെ കല്പനകൾ അനുസരിച്ചു ജീവിക്കുമ്പോൾ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതം മുഴുവനും ആരാധനയായി മാറുന്നു.

11:1-7ൽ കഴിഞ്ഞകാലത്തു നടന്ന കാര്യങ്ങളെ പ്രത്യേകം ഓർക്കാൻ ദൈവം ആവശ്യപ്പെടുകയാണ്. കർത്താവിനെ എതിർത്തവർക്കു നേരിട്ട ദുരന്തം ജനം ഓർക്കണം. ഫറവോയ്ക്കും അവന്റെ സൈന്യങ്ങൾക്കും നേരിട്ട കാര്യം മാത്രമല്ല, ഇവിടെ പരാമർശിക്കപ്പെടുന്നത്. ഇസ്രായേലിൽത്തന്നെ ലേവീഗോത്രത്തിൽപ്പെട്ട ചിലർക്ക് നേരിട്ട അനുഭവങ്ങളും ഉദാഹരണമായി മോശ ഇവിടെ നിരത്തുന്നുണ്ട്. ദാത്താനും അബീറാമിനും വന്നുപെട്ട ദുരന്തം (സംഖ്യ 16) മാതൃകയായി ഇവിടെ കൊണ്ടുവന്നിരിക്കയാണ്. കർത്താവ് മുഖം നോട്ടമില്ലാത്തവനാണ് എന്ന് നേരത്തെ മോശ പറഞ്ഞ കാര്യങ്ങൾ ഇവിടെ ഉദാഹരണസഹിതം വിശദമാക്കുകയാണു ചെയ്യുന്നത്. ചെറുപ്പകാലം മുതല്ക്കേ കർത്താവിന്റെ പ്രവൃത്തികൾക്ക് സാക്ഷ്യം വഹിച്ചവർ അവയുടെ ഗുണപാഠം ഉൾക്കൊള്ളണം.

## നിയ 11:8–32 : പ്രമാണങ്ങൾ കാക്കുന്നതിലെ ഉത്സാഹം

പന്ത്രണ്ടാമത്തെ അധ്യായത്തിൽ തുടങ്ങുന്ന നിയമാവർത്തനനിയമസംഹിതയുടെ (Deuteronomic Code) ആമുഖമായിട്ടാണ് ഈ ഭാഗം ചേർത്തിരിക്കുന്നത്. ഒരർഥത്തിൽ പറഞ്ഞാൽ 5-11 വരെയുള്ള അധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ സംഗ്രഹമാണിത്. 11:8 ഉം 11:32 ഉം കല്പനകൾ (പത്തു പ്രമാണങ്ങൾ) ഉത്സാഹത്തോടെ കാത്തുസൂക്ഷിക്കണമെന്നുള്ള ആഹ്വാനമാണ് ഉൾക്കൊള്ളുന്നത്. ഇതിനിടയിൽ 11:18–21 ഭാഗത്ത് ഈ പ്രമാണങ്ങൾ എന്നും ഓർമയിൽ കാത്തുസൂക്ഷിക്കാനുതകുന്ന ചില നിർദേശങ്ങളും നല്കിയിരിക്കുന്നു. ദേശത്തു സ്ഥിരമായി വസിക്കണമെങ്കിലുള്ള വ്യവസ്ഥയാണ് 10:12–11:7വരെ. പ്രമാണങ്ങൾ കാത്തുസൂക്ഷിക്കാൻ പ്രേരകമായി ഇസ്രായേലിന്റെ ചരിത്രത്തെപ്പറ്റി ചിന്തിക്കാനും അതിൽ നിന്ന് പാഠം ഉൾക്കൊള്ളാനുമായിരുന്നു ഗ്രന്ഥകാരൻ ആവശ്യപ്പെട്ടിരുന്നതെങ്കിൽ ഇവിടെ അത്, തങ്ങൾ കീഴടക്കാൻ പോകുന്ന നാടിന്റെ ഭംഗിയും ഫലപുഷ്ടിയും പ്രധാനഘടകങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ''നിങ്ങളുടെ ദൈവമായ കർത്താവിന്റെ കണ്ണുകൾ സദാ അതിന്മേലുണ്ട്'' (11:12) എന്നാണ് ഈ ദേശത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. ദൈവം ഈ ദേശത്തെ കടാക്ഷിക്കുന്നതുകൊണ്ടാണ് ഈ നാടിന് ഫലപുഷ്ടിയുണ്ടായിരിക്കുന്നത് എന്ന ചിന്തയ്ക്ക് ഒരു പശ്ചാത്തലമുണ്ട്. ബാൽദേവനും അനാത്ത് ദേവിയും ചേർന്നാണ് തങ്ങളുടെ ദേശത്തിന് ഫലഭൂയിഷ്ഠത നല്കുന്നതെന്ന് കാനാൻകാർ വിശ്വസിച്ചിരുന്നു. എന്നാൽ ഇസ്രായേല്യർ ഈ വിശ്വാസത്തിൽ നിന്ന് മാറിയകലണം.

ഈജിപ്തിന്റെ ഫലപുഷ്ടി മനുഷ്യപ്രയത്നം കൊണ്ടു നേടുന്നതാണ്, എന്നാൽ കാനാൻ ദേശത്തിന്റെ സമൃദ്ധി കർത്താവിൽ നിന്നു വരുന്നു. ബാൽദേവനല്ല, കർത്താവാണ് ഫലദായകൻ. അവിടത്തെ കല്പനകൾ കാത്തുസൂക്ഷിക്കയാണ് അതിനുള്ള മാർഗം. നിയമാവർത്തനഗ്രന്ഥകാരന്റെ വാദഗതിയുടെ രത്നച്ചുരുക്കം ഇതാണ് : ധാർമികമായ ജീവിതവും പ്രകൃതിയുടെ സുസ്ഥിതിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. 11:26-31ൽ പരാമർശിക്കപ്പെട്ടിരിക്കുന്ന അനുഗ്രഹവും ശാപവും നിയ 27:29 ൽ കൂടുതൽ വർണിച്ചിരിക്കുന്നു. അനുഗ്രഹവും ശാപവും യാന്ത്രികമായി വരുന്ന കാര്യങ്ങളല്ല. ബോധപൂർവകമായ തിരഞ്ഞെടുപ്പുവഴി മനുഷ്യൻ നേടിയെടുക്കുന്ന കാര്യങ്ങളാണവ.

Prepared by
Dr Johnson Puthussery CST
POC, Palarivattom